തദ്ദേശ സ്വയം ഭരണ സ്ഥാപന തല

# ദുരന്ത പ്രതികരണ സേന (E R T)

# അംഗങ്ങൾക്കുള്ള കൈപ്പുസ്തകം

ജൂൺ 2021


**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**
**ലോക്കൽ അഡ്മിനിസ്ട്രേഷൻ**

മുളങ്കുന്നത്തുകാവ് പി ഓ
തൃശ്ശൂർ - 680 581

**കേരള സംസ്ഥാന ദുരന്ത**
**നിവാരണ അതോറിറ്റി**

വികാസ് ഭവൻ പി ഓ, ഒബ്സെർവേറ്ററി ഹിൽസ്,
തിരുവനന്തപുരം – 695 033

## ഉള്ളടക്കം


| ക്രമ നമ്പർ | അധ്യായം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 3 |
| 2 | ദുരന്ത പ്രതികരണ സേന(ERT) അംഗങ്ങൾക്കുള്ള പൊതുവായ നിർദ്ദേശങ്ങൾ | 4 |
| 3 | മുന്നറിയിപ്പ് ടീം | 7 |
| 4 | തിരച്ചിൽ - രക്ഷാ പ്രവർത്തന- ഒഴിപ്പിക്കൽ ടീം | 16 |
| 5 | ക്യാമ്പ്  മാനേജ്മെൻറ് ടീം | 28 |
| 6 | പ്രഥമ ശുശ്രൂഷ ടീം | 36 |
| 7 | ഉപസംഹാരം | 42 |

## ആമുഖം

2018 ലെ നമ്മുടെ നാട് കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കത്തിന് ശേഷം കേരള സർക്കാർ നവകേരള നിർമ്മിതി എന്ന ആശയവുമായി സംസ്ഥാനത്തിന്റെ പുനർ നിർമാണത്തിനു തുടക്കം കുറിക്കുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട്, അവരുടെ അറിവും ആശയങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ജനകീയ കാമ്പയിൻ ആണ് 'നമ്മൾ നമുക്കായി'. എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവരുടെ അനുഭവങ്ങളും അറിവുകളും ഉപയോഗിച്ച് ജനങ്ങളുടെ പങ്കാളിത്തത്തോടെ തദ്ദേശ സ്ഥാപന തല ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കണമെന്നത് ഈ പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമായിരുന്നു.

ഓരോ ദുരന്തങ്ങളോടും ആദ്യം പ്രതികരിക്കുന്നത് ആ പ്രദേശത്തെ ആളുകളാണെന്ന യാഥാർഥ്യത്തോട് ചേർന്ന് കൊണ്ട് തയ്യാറാക്കിയ തദ്ദേശ സ്ഥാപന തല ദുരന്ത നിവാരണ പദ്ധതികൾ രാജ്യത്തു തന്നെ ആദ്യത്തെ അനുഭവമാണ്. മറ്റു മേഖലകളിൽ എന്ന പോലെ ദുരന്ത ലഘൂകരണത്തിലും കേരളത്തിന്റെ യശസ്സ് ഉയർത്തുന്നതിനും മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്നതിനും ഈ ചുവടുവയ്പ്പ് കാരണമായിട്ടുണ്ട്.

ഇത്തരത്തിൽ തയ്യാറാക്കിയ തദ്ദേശ സ്ഥാപന തല ദുരന്ത നിവാരണ പദ്ധതികളിൽ അതാതു സ്ഥാപന പരിധിയിൽ ഉൾപ്പെട്ട ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ദുരന്തത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിനു വേണ്ടി, മുന്നറിയിപ്പ് നൽകുന്നതിന് ഒരു സംഘവും ദുരന്ത സമയത്തു തിരച്ചിൽ - രക്ഷാ പ്രവർത്തന-ഒഴിപ്പിക്കലിനു വേണ്ടി ഒരു സംഘവും മാറ്റിപ്പാർപ്പിക്കുന്ന ആളുകളെ സഹായിക്കുന്നതിനായി ക്യാമ്പ് മാനേജ്മെന്റ് സംഘവും, പ്രഥമ ശുശ്രൂഷ നൽകുന്നതിനുള്ള മറ്റൊരു സംഘവും എന്നിങ്ങനെ 4 തരത്തിലുള്ള ദ്രുത പ്രതികരണ സേന രൂപീകരിച്ചിട്ടുണ്ട്. ഈ സംഘങ്ങളിലെ അംഗങ്ങൾക്ക് അവരുടെ ചുമതലകളും കർത്തവ്യങ്ങളും എന്തൊക്കെയാണ് എന്ന് മനസിലാക്കുക, ഈ കോവിഡ് കാലഘട്ടത്തിൽ ഉണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള ദുരന്ത സമയങ്ങളിൽ അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ എന്ന് കൃത്യമായ അവബോധം നൽകുക എന്നതുമാണ് ഈ കൈപ്പുസ്തകം കൊണ്ട് ലക്ഷ്യമാക്കുന്നത്. അതിലൂടെ സംഘാംഗങ്ങൾക്ക് അവരിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ ഉത്തരവാദിത്വത്തോടെയും അർപ്പണബോധത്തോടെയും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും നിർവഹിക്കുന്നതിന് ഈ കൈപുസ്തകം സഹായകരമാകും.

## ദുരന്ത പ്രതികരണ സേന (E R T) അംഗങ്ങൾക്കുള്ള

## പൊതുവായ നിർദ്ദേശങ്ങൾ

- സ.ഉ.(കൈ)നം.156/2019/ത.സ്വ.ഭ.വ; തീയതി 04.12.2019 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ആണ് നാല് വിധത്തിലുള്ള ടീമുകൾ രൂപീകരിക്കേണ്ടത്. മുന്നറിയിപ്പ്, തിരച്ചിൽ - രക്ഷപ്പെടുത്തൽ - ഒഴിപ്പിക്കൽ, പ്രഥമ ശുശ്രൂഷ, ക്യാമ്പ് മാനേജ്മെൻറ് എന്നിവയാണ് ടീമുകൾ. അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ ആയിരിക്കും ടീം അംഗങ്ങളുടെ പ്രവർത്തനം.
- സേവന സന്നദ്ധ മനോഭാവമുള്ള, തദ്ദേശ സ്ഥാപന പരിധിയിൽ താമസിക്കുന്നവർ ആയിരിക്കണം ഈ സേനയിൽ ഉണ്ടാകേണ്ടത്.
- എല്ലാ ടീമുകളിലും ഒരു ടീം ലീഡർ ഉണ്ടായിരിക്കേണ്ടതാണ്. ടീം ലീഡർ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെ സ്റ്റിയറിംഗ് കമ്മിറ്റിയുമായി നിരന്തരം ബന്ധം പുലർത്തേണ്ടതാണ്.
- ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ അടിസ്ഥാന ജ്ഞാനമുള്ളവരോ അല്ലെങ്കിൽ അത് നേടിയെടുക്കാൻ താല്പര്യമുള്ളവരോ ആയിരിക്കണം
- ERT അംഗങ്ങൾ ആകുന്നവർ ദുരന്ത സമയത്ത് എത്തിച്ചേരുന്നതിനു തയ്യാറുള്ളവരും അതിനു സാധിക്കുന്നവരും ആയിരിക്കണം
- അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും നിർദ്ദേശം അനുസരിച്ചായിരിക്കണം പ്രവർത്തനം
- തദ്ദേശ സ്ഥാപന തലത്തിൽ തയ്യാറാക്കിയിട്ടുള്ള ദുരന്ത നിവാരണ പദ്ധതികളുമായി ERT അംഗങ്ങൾക്ക് പരിചയം ഉണ്ടാകണം.
- ERT അംഗങ്ങൾ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ സ്മാർട്ട് ഫോണിനോടൊപ്പം ദീർഘ സമയം ചാർജ് നിൽക്കുന്ന സാധാരണ മൊബൈൽ ഫോൺ കൂടി കൈവശം സൂക്ഷിക്കുന്നത് നല്ലതാണ്.
- താഴെ പറയുന്ന വിഭാഗങ്ങളിൽ പെടുന്ന ആളുകൾക്ക് എല്ലാ ERT ടീമിലെയും അംഗങ്ങൾ പ്രത്യേക പരിഗണ ഉറപ്പ വരുത്തി മുൻഗണനാടിസ്ഥാനത്തിൽ ആവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതാണ്

    - ❖ 60 വയസു കഴിഞ്ഞ പ്രായമായ ആളുകൾ
    - ❖ ഭിന്നശേഷിക്കാർ (ഭിന്നശേഷിയുള്ളവർക്കായുള്ള പ്രത്യേക മാർഗ നിർദ്ദേശങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിലും ഫേസ്ബുക്പേജിലും ലഭ്യമാണ്)

- 6 വയസിൽ താഴെയുള്ള കുട്ടികൾ
- ഗർഭിണികൾ
- സ്ത്രീകൾ ഗൃഹനാഥരായ വീടുകൾ
- സ്വാന്തന പരിചരണത്തിലുള്ളവർ
- അഗതികൾ, കെയർ ഹോമുകളിലും താമസിക്കുന്നവർ
- ആദിവാസി വിഭാഗത്തിലുള്ളവർ
- മലയുടെ ചെരിവുകളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും താമസിക്കുന്നവർ
- പുഴയുടെയോ നീർചാലുകളുടെയോ ഓരത്തും വയൽ കരകളിലും പുറമ്പോക്കിലും താമസിക്കുന്നവർ.
- കോവിഡ് രോഗ ബാധിതരും ഐസൊലേഷനിൽ കഴിയുന്നവരും

  (*മുകളിൽ നൽകിയിരിക്കുന്ന മുൻഗണനാ ക്രമത്തിൽ അവസരോചിതമായ മാറ്റങ്ങൾ ദുരന്ത സാഹചര്യം അനുസരിച്ച് വരുത്താവുന്നതാണ്)

- അതിഥിതൊഴിലാളികളുമായി ആശയവിനിമയം നടത്തുവാൻ അവരുടെ മാതൃഭാഷ അറിയാവുന്നവരുടെ സഹായം തേടുക. അല്ലെങ്കിൽ അത്തരത്തിൽ ഉള്ളവരെ കൂടി കഴിയുമെങ്കിൽ ഓരോ ടീമിലും ഉൾപെടുത്തുക.
- സാഹചര്യത്തിനനുസരിച്ച വിവേകത്തോടെ പെരുമാറാൻ ഓരോ അംഗവും ശ്രദ്ധിക്കേണ്ടതുണ്ട്.
- വ്യക്തി ശുചിത്വം പാലിക്കുകയും കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച പ്രവർത്തിക്കുകയും വേണം.
- ദുരന്ത സമയത്ത് ഒരു വ്യക്തിയുടെ സ്വകാര്യത ഹനിക്കുന്ന തരത്തിൽ പെരുമാറാനോ വിവരങ്ങൾ പരസ്യപ്പെടുത്താനോ പാടുള്ളതല്ല.
- എല്ലാ ERT കളുടെയും സുഗമമായ പ്രവർത്തനത്തിന്, ഒരു ERT യിലെ അംഗങ്ങൾ മറ്റു ERT അംഗങ്ങളുമായി സഹകരിച്ച പ്രവർത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം
- എല്ലാ ERT അംഗങ്ങളും ജാതി, മതം, ലിംഗം, രാഷ്ട്രീയം തുടങ്ങിയവയുടെ പ്രചാരണത്തിനോ, അത്തരത്തിലുള്ള വിവേചന രീതിയിലോ മറ്റു ടീം അംഗങ്ങളോടും ദുരന്ത സമയത്തു സഹായം ആവശ്യമായി വരുന്നവരോടും പെരുമാറാൻ പാടുള്ളതല്ല.
- യാതൊരു തരത്തിലുമുള്ള പ്രകോപനങ്ങൾക്ക് നിങ്ങളുടെ പ്രവർത്തികളോ വാക്കുകളോ കാരണമാകാതെ സൂക്ഷിക്കുക.
- കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കിയിട്ടുള്ള ഓറഞ്ച് ബുക്ക് 2021ൽ വ്യക്തമായ മാനദണ്ഡങ്ങൾ നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കായി ടീം അംഗങ്ങൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിക്കുക. (https://sdma.kerala.gov.in/wp-content/uploads/2021/05/orangebook_2021.pdf)



# മുന്നറിയിപ്പ് ടീം

(Early Warning Dissemination Team)

## മുന്നറിയിപ്പ് ടീം

ദുരന്തസാധ്യത പ്രദേശത്തെ ആളുകൾക്ക് ആധികാരികമായ ദുരന്ത മുന്നറിയിപ്പുകൾ യഥാസമയം നൽകുക എന്നുള്ളതാണ് ഈ ടീമിന്റെ പ്രഥമ ദൗത്യം. അടിയന്തിര സാഹചര്യങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ മുഴുവൻ ആളുകൾക്കും വിവരം നൽകാൻ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കപ്പെട്ടതാണ് മുന്നറിയിപ്പ് ടീം.

## ചുമതലകൾ

- ആധികാരികമായ ദുരന്തസാധ്യതാ മുന്നറിയിപ്പുകൾ ജനങ്ങളിൽ പരിഭ്രാന്തി സൃഷ്ടിക്കാത്ത രീതിയിൽ യഥാസമയം നൽകുക.
- ദുരന്ത പൂർവ ഘട്ടത്തിൽ മുന്നറിയിപ്പ് ടീം ദുരന്തലഘൂകരണ, ദുരന്ത-തയ്യാറെടുപ്പ് (എമർജൻസി കിറ്റ്, ഫസ്റ്റ് എയിഡ് കിറ്റ് മുതലായവ തയാറാക്കുന്നതടക്കം) സംബന്ധമായ മുന്നറിയിപ്പുകൾ നൽകേണ്ടതാണ്.
- ദുരന്താഘാതം ഏറ്റവും കൂടുതലായി ബാധിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിലെ ആളുകളെ മുൻഗണനാ ക്രമത്തിൽ മുന്നറിയിപ്പുകൾ നൽകി സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറുവാൻ ആവശ്യപ്പെടുക.
- ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ദുരന്തസാധ്യതാ പ്രദേശത്തെ ജനങ്ങളെ അറിയിക്കുക.
- 20 വീടുകൾക്ക് ഒരു വളണ്ടിയർ എന്ന നിലയിലൽ സജ്ജരാക്കിയിട്ടുള്ള സന്നദ്ധസേനാംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും കൃത്യമായ ആശയ വിനിമയ സംവിധാനങ്ങളും നൽകുക

## മുന്നറിയിപ്പ് നിർദ്ദേശങ്ങൾ

കേന്ദ്ര കാലാവസ്ഥ വകുപ്പിൽ നിന്നും, മറ്റു സർക്കാർ സംവിധാനങ്ങൾ നിന്നും ലഭിക്കുന്ന മുന്നറിയിപ്പുകൾ പൊതുജനങ്ങളിലേക്ക് എത്തിക്കേണ്ട ചുമതല മുന്നറിയിപ്പ് ടീമിന്റേതാണ്. റെഡ്, ഓറഞ്ച്, മഞ്ഞ അലെർട്ട് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ജില്ലകളിൽ താഴ്ന്നപ്രദേശങ്ങൾ, നദിതീരങ്ങൾ, തീരപ്രദേശം, ഉരുൾപൊട്ടൽ - മണ്ണിടിച്ചിൽ സാധ്യതയുള്ള മലയോര പ്രദേശങ്ങൾ തുടങ്ങിയ ഇടങ്ങളിലുള്ളവർക്കുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ സമയബന്ധിതമായിഎത്തിച്ചു കൊടുക്കേണ്ടതാണ്.

കോവിഡ് പശ്ചാത്തലത്തിൽ അതാത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ കണ്ടെയ്ൻമെൻറ്/ക്രിറ്റിക്കൽ കണ്ടെയ്ൻമെൻറ് സോൺ (containment/critical containment zone) ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഇടങ്ങളിൽ അത് മുന്നിൽ കണ്ടു കൊണ്ടുള്ള മുന്നറിയിപ്പുകളും നിർദേശങ്ങളും നൽകേണ്ടതാണ്.

## മുന്നറിയിപ്പ് ടീം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- തെറ്റായ മുന്നറിയിപ്പുകൾ നൽകാതിരിക്കുക.
- ജനങ്ങൾ പരിഭ്രാന്തരാവാതെ ശ്രദ്ദിക്കുക, ബന്ധപ്പെട്ട അധികൃതരിൽ നിന്നും ലഭിക്കുന്ന മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകുക.
- ദുരന്തസാധ്യതയുള്ള സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങൾക്ക് കൃത്യമായ വിവരങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
- ലഭിക്കുന്ന മുന്നറിയിപ്പുകൾക്ക് അനുസൃതമായി ആളുകൾ തയ്യാറെടുപ്പ് നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- മുന്നറിയിപ്പുകൾ പരിഗണിക്കാത്ത ആളുകളുടെ വിവരങ്ങൾ പഞ്ചായത്ത് അധികൃതരെയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയോ യഥാസമയം അറിയിക്കുക.

## മുന്നറിയിപ്പുകൾ നൽകേണ്ട രീതികൾ.

- ഫോണിലൂടെ
- സാമൂഹിക മാധ്യമങ്ങളിലൂടെ (ഫേസ്ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയവ)
- വ്യക്തിപരമായി
- ഉച്ചഭാഷിണിയിലൂടെ മൈക്ക് അനൗ ൺസ്മെന്റ്
- വീടുകൾതോറുംനേരിട്ട്
- സാമൂഹ്യാധിഷ്ഠിത സംഘടനകളിലൂടെ (കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി വർക്കർമാർ, ആശാ വർക്കർമാർ എന്നിവർ)

## വിവിധ മുന്നറിയിപ്പുകൾ

### A. മഴ സംബന്ധിച്ച മുന്നറിയിപ്പ്

- 4 നിറങ്ങളിലുള്ള മഴ അലെർട്ടുകളാണ് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പുറപ്പെടുവിക്കാറുള്ളത്.
- ജില്ലാ തലത്തിലുള്ള മഴയുടെ കാഠിന്യം സംബന്ധിച്ച പച്ച, മഞ്ഞ, ഓറഞ്ച്,ചുവപ്പ് നിറങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സൂചന നൽകുന്നു.
- ഓറഞ്ച്, റെഡ് അലേർട്ട് സമയങ്ങളിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ (KSDMA)വെബ്സൈറ്റിലും ഫേസ്ബുക്ക് പേജിലുംഓരോ 3 മണിക്കൂറിലും അലേർട്ടുകൾ

ഉണ്ടാകും. ഈ സമയത്ത് പൊതു ജനങ്ങൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളടങ്ങിയ നിർദ്ദേശങ്ങളും ഇതിനോടൊപ്പം പുറപ്പെടുവിക്കുന്നതാണ്. ഈ നിർദേശങ്ങൾ കർശനമായി പിന്തുടരേണ്ടതാണ്

## അലെർട്ടുകൾ - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

| അലെർട്ടിന്റെ നിറം | സൂചന |
|---|---|
| പച്ച | ❖ ജാഗ്രത പാലിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല. |
| മഞ്ഞ | ❖ കാലാവസ്ഥയെ കരുതലോടെ നിരീക്ഷിക്കണം.<br>❖ സാഹചര്യങ്ങൾക്ക് അനുസരിച്ച അപ്ഡേറ്റ് ചെയ്യപ്പെടണം.<br>❖ ഭയപ്പെടേണ്ട സാഹചര്യം ഇല്ല.<br>❖ അപകട സാധ്യത അപ്ഡേറ്റ് ചെയ്യപ്പെടുന്നതനുസരിച്ച് മുന്നൊരുക്കങ്ങൾ നടത്താം. |
| ഓറഞ്ച് | ❖ അതീവ ജാഗ്രതാ മുന്നറിയിപ്പ്<br>❖ സുരക്ഷാ തയ്യാറെടുപ്പുകൾ തുടങ്ങണം.<br>❖ അപകട സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർ എമർജൻസി കിറ്റ് ഉൾപ്പെടെ തയ്യാറാക്കി അവസാന ഘട്ട തയ്യാറെടുപ്പുകളും പൂർത്തീകരിച്ച് തയ്യാറായി നിൽക്കണം.<br>❖ മാറ്റി താമസിപ്പിക്കൽ ഉൾപ്പെടെ അധികൃതർ ആരംഭിക്കേണ്ടതോ അതിനുവേണ്ട മുന്നൊരുക്കങ്ങൾ പൂർത്തിയാക്കേണ്ടതോ ആയ ഘട്ടം.<br>❖ രക്ഷാസേനകളോടു തയ്യാറെടുക്കാൻ ആവശ്യപ്പെടും. |
| ചുവപ്പ് | ❖ കർശന നടപടി സ്വീകരിക്കേണ്ട ഘട്ടം.<br>❖ മാറി താമസിക്കാൻ തയ്യാറാകാത്തവരെ ബലംപ്രയോഗിച്ച് കൊണ്ട് മാറ്റാൻ പോലീസിനും ഭരണകൂടത്തിനും നിർദേശം ലഭിക്കുന്ന സമയം. രക്ഷാസേനകളെ വിന്യസിക്കും.<br>❖ ക്യാമ്പുകൾ ആരംഭിക്കുക തുടങ്ങിയ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ട, അപകടസൂചനയുള്ള സമയം. |

## B. വെള്ളപ്പൊക്കം സംബന്ധിച്ച മുന്നറിയിപ്പ്

കേന്ദ്ര ജലകമ്മീഷനാണ് (Central Water Commission- CWC) ഇന്ത്യയിൽ പ്രളയ മുന്നറിയിപ്പ് നൽകാൻ ഉത്തരവാദിത്വപ്പെട്ട ഏജൻസി. ഈ വിവരങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിലും, ഫേസ്ബുക്ക് പേജിലും അതാതു സമയം ലഭ്യമാകും.

## C. ഡാമുകൾ തുറക്കുന്നത് സംബന്ധിച്ച മുന്നറിയിപ്പ്

3 നിറത്തിലുള്ള അലെർട്ടുകളാണ് ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഉള്ളത്. ഡാമുകളിലെ ജലനിരപ്പ് ഉയരുന്നതിനു അനുസരിച്ചു നീല, ഓറഞ്ച്, ചുവപ്പ അലെർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ മുന്നറിയിപ്പ് ടീമുകൾക്ക് ലഭിക്കുന്ന നിർദേശങ്ങൾക്ക് അനുസൃതമായി ടീം അംഗങ്ങൾ ജനങ്ങൾക്ക് വിവരം നൽകേണ്ടതാണ്

## D. ഇടിമിന്നൽ മുന്നറിയിപ്പ്

- ഇടിമിന്നൽ സംബന്ധിച്ചുള്ള മുന്നറിയിപ്പുകളും തത്സമയ വിവരങ്ങളും നൽകുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പാണ്. 3 മണിക്കൂർ നേരത്തേക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിക്കുന്ന നൗകാസ്റ്റിലാണ് (Nowcast) ഇടിമിന്നലോടു കൂടിയ മഴ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിക്കുക.
- കേരളത്തിൽ പ്രീ മൺസൂൺ (മാർച്ച് മുതൽ മെയ്), തുലാവർഷം (ഒക്ടോബർ മുതൽ ഡിസംബർ) എന്നീ സീസണുകളിൽ ഇടിമിന്നൽ സംബന്ധിച്ച ജാഗ്രതാ നിർദേശങ്ങളും മുന്നറിയിപ്പുകളും എപ്പോൾ വേണമെങ്കിലും പ്രതീക്ഷിക്കേണ്ടതും അവ ഗൗരവമായി എടുക്കേണ്ടതുമാണ്.
- കേന്ദ്ര ഭൗമ ശാസ്ത്ര വകുപ്പ വികസിപ്പിച്ചെടുത്ത 'ദാമിനി – DAMINI' മൊബൈൽ ആപ്പ്ളിക്കേഷൻ വഴിയും പൊതുജനങ്ങൾക്ക് ഇടിമിന്നൽ ജാഗ്രതാ മുന്നറിയിപ്പ് അറിയാൻ സാധിക്കും. (https://play.google.com/store/apps/details?id=com.lightening.live.damini)

## E. ചുഴലിക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ്

- ചുഴലിക്കാറ്റും ന്യൂനമർദ്ദവും സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ സംസ്ഥാന സർക്കാരുകൾക്ക് നൽകേണ്ടത് കേന്ദ്ര കാലാവസ്ഥവകുപ്പിന്റെ ചുഴലിക്കാറ്റ് നിരീക്ഷണ കേന്ദ്രമാണ്.
- അറബിക്കടലിലും കൂടുതൽ ചുഴലിക്കാറ്റുകൾ രൂപപ്പെടുന്ന സാഹചര്യത്തിൽ ചുഴലിക്കാറ്റ് മുന്നറിയിപ്പുകൾ മനസ്സിലാക്കേണ്ടത് മലയാളികൾക്ക് അനിവാര്യതയായി മാറിയിരിക്കുകയാണ്.

- ചുഴലിക്കാറ്റിന്റെ വികാസവും സഞ്ചാരപഥവും അത് കേരളത്തിലെ ദിനാവസ്ഥയെ എങ്ങനെ സ്വാധീനിക്കുമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ തയ്യാറെടുപ്പുകൾ പൂർത്തീകരിക്കാൻ സർക്കാർ സംവിധാനങ്ങൾക്ക് ദുരന്തനിവാരണ അതോറിറ്റി നിർദേശം നൽകുന്നതുമാണ്. ഈ മുന്നറിയിപ്പുകൾ യഥാസമയത്ത് ബന്ധപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങളിലേക്ക് എത്തിക്കേണ്ടതാണ്

## F. മത്സ്യതൊഴിലാളികൾക്കുള്ള ജാഗ്രതാ നിർദേശം

തീരദേശ പ്രദേശങ്ങളിൽ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിന് സാധ്യതയുള്ളതു കൊണ്ട് മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ല എന്നുള്ള കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിക്കുന്ന നിർദേശം കൃത്യമായ ദിവസങ്ങളിൽ ആ വിഭാഗത്തിൽപെട്ടവർക്ക് നൽകേണ്ടതാണ്.ഈ വിവരങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിലും, ഫേസ്ബുക്ക് പേജിലും അതാതു സമയം ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാകും.

## G. ഉയർന്ന തിരമാല ജാഗ്രത സംബന്ധിച്ച മുന്നറിയിപ്പ്

ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം (INCOIS) അറിയിക്കുന്ന സാഹചര്യത്തിൽ അതാതു മുന്നറിയിപ്പുകൾ യഥാസമയം ആ വിഭാഗത്തിൽപെട്ടവർക്ക് നൽകേണ്ടതാണ്.ഈ വിവരങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിലും, ഫേസ്ബുക്ക് പേജിലും അതാതു സമയം ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാകും.

## H. സുനാമി മുന്നറിയിപ്പ്

ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രമാണ്(INCOIS) സുനാമി മുന്നറിയിപ്പ് നൽകേണ്ടത്.ഈ വിവരങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിലും, ഫേസ്ബുക്ക്പേജിലുംഅതാതു സമയം ലഭ്യമാകും.

## I. ഉഷ്ണകാല ദുരന്ത മുന്നറിയിപ്പ്

ഉഷ്ണതരംഗം സംബന്ധിച്ചും തത്സമയ താപനില വിവരങ്ങളും മുന്നറിയിപ്പുകളും നൽകേണ്ടത് കേന്ദ്ര കാലാവസ്ഥാ വകുപ്പാണ്. ഈ മുന്നറിയിപ്പുകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ആവശ്യമായ സുരക്ഷാ-മുന്നൊരുക്ക നിർദേശങ്ങൾ സഹിതം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയാണ് കേരളത്തിൽ ജനങ്ങളിലേക്കും മറ്റ് സർക്കാർ സംവിധാനങ്ങളിലേക്കും എത്തിക്കുന്നത്

## സംഗ്രഹം

<table>
<tr><th>ക്ര. നം.</th><th>മുന്നറിയിപ്പ്</th><th>പുറപ്പെടുവിക്കുന്നവർ</th><th>നിർദ്ദേശങ്ങൾ ലഭിക്കുന്ന സ്രോതസ്സുകൾ</th></tr>
<tr><td>1</td><td>മഴ<br>(പച്ച, മഞ്ഞ, ഓറഞ്ച്, ചുവപ്പ് അലെർട്ടുകൾ)</td><td>• കേന്ദ്ര കാലാവസ്ഥാ വകുപ്പ് (IMD) (https://mausam.imd.gov.in/)<br>• മിറ്റീരിയോളോജിക്കൽസെന്റർ തിരുവനന്തപുരം (https://mausam.imd.gov.in/thiruvananthapuram/)</td><td rowspan="3">• കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ് (https://sdma.kerala.gov.in/<br>• ഫേസ്ബുക്ക് പേജ് (https://www.facebook.com/KeralaStateDisasterManagementAuthorityksdma)</td></tr>
<tr><td>2</td><td>വെള്ളപ്പൊക്കം</td><td>കേന്ദ്ര ജലകമ്മീഷൻ (CWC) (http://www.cwc.gov.in/)</td></tr>
<tr><td>3</td><td>ഡാമുകൾ തുറക്കുന്നത് (നീല, ഓറഞ്ച്, ചുവപ്പ് അലെർട്ടുകൾ)</td><td>ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അനുവാദത്തോടെ<br>• കേരള സംസ്ഥാന വൈദ്യുതി ബോർഡ് (KSEBL)<br>• ജലസേചന വകുപ്പ് (Irrigation Department)</td></tr>
<tr><td>3</td><td>ഇടിമിന്നൽ</td><td>കേന്ദ്ര കാലാവസ്ഥാ വകുപ്പ് (IMD) (3 മണിക്കൂർ ഇടവേളകളിൽ വരുന്ന നൗകാസ്റ്റ്) (https://mausam.imd.gov.in/)</td><td>• കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ് (https://sdma.kerala.gov.in/), ഫേസ്ബുക്ക്പേജ് (https://www.facebook.com/KeralaStateDisasterManagementAuthorityksdma)<br>• കേന്ദ്ര ഭൗമശാസ്ത്ര വകു പ്പ വികസിപ്പിച്ചെടുത്ത ദാമിനി മൊബൈൽ ആപ്പ്ളിക്കേഷൻ (https://play.google.com/store/apps/details?id=com.lightening.live.damini)</td></tr>
</table>

| | | | |
|---|---|---|---|
| 4 | ചുഴലിക്കാറ്റ് | കേന്ദ്ര കാലാവസ്ഥ വകുപ്പ്(IMD) (https://mausam.imd.gov.in/) | • കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ് (https://sdma.kerala.gov.in/), ഫേസ്ബുക്ക് പേജ് (https://www.facebook.com/KeralaStateDisasterManagementAuthorityksdma) |
| 5 | മത്സ്യതൊഴിലാളികൾക്കുള്ള ജാഗ്രതാ നിർദേശം | കേന്ദ്ര കാലാവസ്ഥ വകുപ്പ് (IMD), (https://mausam.imd.gov.in/) | |
| 6 | ഉയർന്ന തിരമാല, കടൽക്ഷോഭം, തീരശോഷണം | ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണകേന്ദ്രം (INCOIS) (https://incois.gov.in/) | |
| 7 | സുനാമി | | |
| 8 | ഉഷ്ണകാല ദുരന്തങ്ങൾ (ഉഷ്ണ തരംഗം, തത്സമയ താപനില വിവരങ്ങൾ, സൂര്യാഘാതം etc.) | കേന്ദ്ര കാലാവസ്ഥ വകുപ്പ്(IMD) (https://mausam.imd.gov.in/) | |
| 9 | ശക്തമായ കാറ്റ് | കേന്ദ്ര കാലാവസ്ഥ വകുപ്പ്(IMD) (https://mausam.imd.gov.in/) | |
| 10 | വരൾച്ച | കേന്ദ്ര പരിസ്ഥിതി,വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MOEF) (http://moef.gov.in/en/) | • സംസ്ഥാന വരൾച്ച നിരീക്ഷണ സെൽ (at SEOC)<br>• കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ് (https://sdma.kerala.gov.in/) |
| 11 | പകർച്ച വ്യാധികൾ/ മഹാമാരികൾ | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം (MOHFW) (https://www.mohfw.gov.in/) | • കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ് (https://sdma.kerala.gov.in/), ഫേസ്ബുക്ക് പേജ് (https://www.facebook.com/KeralaStateDisasterManagementAuthorityksdma) |

## ഔദ്യോഗിക മുന്നറിയിപ്പ് ലഭിക്കുന്ന മറ്റു സ്രോതസുകൾ


- സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ദുരന്തനിവാരണ പ്രോട്ടോകോൾ - ഓറഞ്ച്ബുക്ക്, 2021 (https://sdma.kerala.gov.in/wpcontent/uploads/2021/05/orangebook_2021.pdf)
- കേരള സർക്കാർ ഫേസ്ബുക്ക് പേജ് (https://www.facebook.com/keralainformation)
- ബഹു: മുഖ്യമന്ത്രിയുടെ ഫേസ്ബുക്ക് പേജ് (https://www.facebook.com/CMOKerala)

## കോവിഡുമായി ബന്ധപ്പെട്ട വെബ്സൈറ്റുകൾ

- പ്രതിദിന ബുള്ളറ്റിൻ, മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശവും, വാക്സിനേഷൻ കേന്ദ്രത്തിന്റെ വിശദാംശങ്ങൾ- https://dhs.kerala.gov.in/
- പ്രതിദിന കോവിഡ്കേസ് നമ്പറുകൾ- ജില്ല തിരിച്ചുള്ളത് - https://dashboard.kerala.gov.in/
- സർക്കാർ ഉത്തരവുകൾ, കണ്ടെയ്ന്മെന്റ് സോണുകൾ പട്ടിക, ജില്ല തിരിച്ചുള്ള കണ്ടെയ്ന്മെന്റ് സോണുകളുടെ മാപ്പ്-https://sdma.kerala.gov.in/containment-zones/
- ആശുപത്രി ജീവനക്കാരുടെ വിശദാംശങ്ങൾ, പെർമിറ്റ്, പാസ്- https://covid19jagratha.kerala.nic.in/

## ചില പ്രധാന ഫോൺ നമ്പറുകൾ

| | |
|---|---|
| ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെയും, ജില്ലയിലെ അടിയന്തരഘട്ട കാര്യാലയം (control room) | 1077 |
| എമർജൻസി നമ്പർ | 112 |
| പോലീസ് സഹായം | 100 |
| ഫയർഫോഴ്സ് സേവനം | 101 |
| ആംബുലൻസ് സേവനം | 102/108 |
| ദിശ നമ്പർ | 1056 |
| ക്രൈം സ്റ്റോപ്പേർ | 1090 |
| സ്റ്റേറ്റ് ദുരന്തനിവാരണ കണ്ട്രോൾറൂം | 1070 |
| സംസ്ഥാന അടിയന്തരഘട്ട കാര്യാലയം | 1079 |



## തിരച്ചിൽ - രക്ഷാപ്രവർത്തന - ഒഴിപ്പിക്കൽ ടീം

(Search-Rescue-Evacuation Team)

## തിരച്ചിൽ - രക്ഷാപ്രവർത്തന - ഒഴിപ്പിക്കൽ ടീം

ഒരു പ്രത്യേക പ്രദേശത്തെയോ കെട്ടിടത്തെയോ ഒരു ദുരന്തം ബാധിക്കുമ്പോൾ തിരച്ചിൽ, രക്ഷാപ്രവർത്തനം, ഒഴിപ്പിക്കൽ പ്രക്രിയകൾ സാധാരണയായി പ്രാദേശിക സന്നദ്ധപ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവ ഉടൻ തന്നെ നടത്തേണ്ടതുണ്ട്. ദുരന്ത മുഖത്ത് പ്രാഥമിക ഘട്ടത്തിൽ നടത്തുന്ന ഒരു പ്രക്രിയയാണ് തിരച്ചിലും രക്ഷാപ്രവർത്തനവും. ദുരന്ത സമയത്തു പരിഭ്രാന്തി സൃഷ്ടിക്കാതെയും കാര്യക്ഷമമായും തന്മയത്വത്തോടെയും ആളുകളുടെ ജീവൻ അപകടത്തിൽ പെടാതെ ദുരന്ത സ്ഥലത്തു നിന്നും സുരക്ഷിത സ്ഥാനത്തേക്ക് ആളുകളെ മാറ്റുക എന്നതാണ് ഈ ടീമിന്റെ കടമ.

## ആർക്കൊക്കെ ഈ ടീമിൽ അംഗങ്ങൾ ആകാം

- അതാത് തദ്ദേശ സ്ഥാപന പരിധിയിൽ താമസിക്കുന്ന ശാരീരിക- മാനസിക ആരോഗ്യവും സന്നദ്ധ സേവന മനോഭാവവും ഉള്ളവർ
- ദുരന്ത രക്ഷാ-പ്രവർത്തനങ്ങളിൽ മുൻപരിചയമോ അടിസ്ഥാന ധാരണയോ ഉള്ളവർ
- പ്രദേശത്തെക്കുറിച്ചും അവിടത്തെ യാത്രാ മാർഗങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ ഉള്ളവർ, മുങ്ങൽ വിദഗ്ധർ, കായിക ശേഷിയുള്ളവർ
- അടിയന്തര സമയങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന വാഹനങ്ങൾ, മറ്റു ഉപകരണങ്ങൾ എന്നിവ സ്വന്തമായി ഉള്ളവർ, അത് ഉപയോഗിക്കാൻ കഴിയുന്നവർ

## കടമകളും ഉത്തരവാദിത്തങ്ങളും

- രക്ഷാ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന കിറ്റ് തയ്യാറാക്കി വയ്ക്കണം, ദുരന്ത രക്ഷാ പ്രവർത്തനത്തിന് അനുയോജ്യമായ വാഹനങ്ങൾ മറ്റു ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തണം
- മുൻഗണനാടിസ്ഥാനത്തിൽ ആളുകളെ ഒഴിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം
- ഒഴിപ്പിച്ചു കഴിഞ്ഞാൽ ആളുകളെയും കന്നുകാലികളെയും മാറ്റേണ്ട ദുരിതാശ്വാസ ക്യാമ്പുകളെക്കുറിച്ചും സുരക്ഷിത ഇടങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ ഉണ്ടായിരിക്കണം
- ആളുകളെ പൂർണമായി ഒഴിപ്പിക്കുകയും മാറാൻ തയ്യാറല്ലാത്തവരെ കുറിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും വേണം
- ഒഴിപ്പിക്കുന്ന ആളുകളെക്കുറിച്ചും അവരെ മാറ്റുന്ന ഇടങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കുകയും അത് കൃത്യമായി പുതുക്കുകയും വേണം.

- ഒഴിപ്പിക്കുന്നതിനു മുൻപ് വിലപിടിപ്പുള്ള വസ്തുക്കൾ, സർട്ടിഫിക്കറ്റുകൾ, മറ്റു ഡോക്യുമെന്റുകൾ, മരുന്നുകൾ തുടങ്ങിയവ എടുക്കുന്നതിനും സുരക്ഷിതമായി സൂക്ഷിക്കുന്നതിനും അവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക
- ദുരന്ത ശേഷം ദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ഒറ്റപ്പെട്ടുപോയവരെയും, പരിക്കേറ്റവരെയും സുരക്ഷിത സ്ഥലങ്ങളിലേക്കു മാറ്റുകയും ആവശ്യമുള്ളവർക്ക് അടിയന്തര വൈദ്യ സഹായം ഉറപ്പു വരുത്തുകയും ചെയ്യുക
- ഗതാഗതവും, ആശയ വിനിമയവും പുനഃസ്ഥാപിക്കുന്നതിനു ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.
- കാണാതായ വ്യക്തികളുടെ രജിസ്റ്റർ സൂക്ഷിച്ചു ഓരോ രക്ഷാപ്രവർത്തനത്തിന് ശേഷവും അത് അപ്ഡേറ്റ് ചെയ്യുക.
- സുഗമമായ പ്രവർത്തനത്തിന് മറ്റു ERT അംഗങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക.

## കോവിഡ് 19 പശ്ചാത്തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- രക്ഷാപ്രവർത്തനത്തിൻറെ സമയത്തു മാസ്ക്, ഗ്ലൗസ്, ബൂട്സ് എന്നിവ ധരിക്കുക .
- കൈകൾ വൃത്തിയായി സൂക്ഷിക്കുകയും അണുവിമുക്തമായിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. സാനിറ്റൈസർ കയ്യിൽ കരുതുക
- രക്ഷാ പ്രവർത്തന സമയങ്ങളിൽ ഒഴികെ കഴിവതും ശാരീരിക അകലം പാലിക്കാൻ ശ്രദ്ധിക്കുക.
- വണ്ടിയുടെ താക്കോൽ മൊബൈൽഫോൺ മുതലായ സ്ഥിരം ഉപയോഗിക്കുന്ന വസ്തുക്കൾ വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കുക.
- രക്ഷാപ്രവർത്തന സമയത്ത് കോവിഡ് രോഗിയുമായി സമ്പർക്കമുണ്ടാവുകയാണെങ്കിൽ സ്വന്തമായി ഐസൊലേഷനിൽ പോകേണ്ടതാണ്.
- കോവിഡ് ബാധിതർ, ഐസൊലേഷനിൽ ഉള്ളവർ, കോവിഡ് ബാധിച്ചിട്ടില്ലാത്തവർ എന്നിങ്ങനെ വേർതിരിച്ച് വിവരങ്ങൾ ശേഖരിച്ചു രക്ഷാ പ്രവർത്തനവും ഒഴിപ്പിക്കലും നടത്തുകയും, അതനുസരിച്ചു തയ്യാറാക്കിയ ക്യാമ്പുകളിലേക്ക് എത്തിക്കാനും ശ്രദ്ധിക്കുക .

## അത്യാവശ്യം കയ്യിൽ ഉണ്ടാവേണ്ട വിവരങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ചുമതലപ്പെട്ടവരുടെ ബന്ധപ്പെടേണ്ട നമ്പറുകൾ.
- ദുരന്ത സമയങ്ങളിൽ ഉപയോഗപ്പെടുന്ന ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ പ്രാദേശിക തലത്തിൽ സ്വന്തമായി ഉള്ളവരെയും അത് ഉപയോഗിക്കാൻ അറിയാവുന്നവരെയും ബന്ധപ്പെടാൻ ആവശ്യമായ വിവരങ്ങൾ, ഫോൺ നമ്പറുകൾ.

- ആശുപത്രി, ആംബുലൻസ്, ഫയർഫോഴ്സ് തുടങ്ങിയവരെ ബന്ധപ്പെടാൻ ആവശ്യമായ ഫോൺ നമ്പറുകൾ
- ഭക്ഷണം, മരുന്ന് തുടങ്ങി അവശ്യസാധനങ്ങളുടെ ലഭ്യതയും വിതരണവും സംബന്ധിച്ചുള്ള വിവരങ്ങൾ

## ടീമിന്റെ കയ്യിൽ ഉണ്ടായിരിക്കേണ്ട ആവശ്യ വസ്തുക്കൾ

- മാസ്ക് , സാനിറ്റൈസർ/ സോപ്പ്
- ഗ്ലൗസ്, ബൂട്ട്
- ഹെഡ് ലാംപ്
- ഹെൽമെറ്റ്, റെയിൻ കോട്ട്
- ലൈറ്റർ
- വിസിൽ
- കത്തി
- അപകട സാധ്യത അടയാളപ്പെടുത്താൻ ഉപയോഗിക്കാൻ പറ്റുന്ന റെഡ് റിബ്ബൺ
- കയർ
- ഫ്ലാഷ് ലൈറ്റ്/ ടോർച്ച്
- ടെസ്റ്റർ
- ഫസ്റ്റ് എയ്ഡ് ബോക്സ്
- വീൽ ചെയർ
- സ്ട്രെക്ചർ
- മരം മുറിക്കാൻ ആവിശ്യമായ യന്ത്രങ്ങൾ
- ഫയർ എക്സ്റ്റിംഗ്ഷെർ

ശ്രദ്ധിക്കുക - മുകളിൽ പറഞ്ഞ എല്ലാ സാമഗ്രികളും ഒരു പക്ഷെ ടീമിൻറെ കൈയിൽ ലഭ്യമല്ലെങ്കിൽ, ഇവ ആവശ്യം വന്നാൽ ലഭ്യമാകുന്ന ഇടങ്ങളെ കുറിച്ച് അറിഞ്ഞിരിക്കുക.


## ഒഴിപ്പിക്കുമ്പോൾ


- ദുരന്ത സാധ്യത നേരിടുന്ന സ്ഥലത്ത് നിന്ന് ആളുകളെയും സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റുന്നത് ഔദ്യോഗിക നിർദേശം അനുസരിച്ച് മാത്രമായിരിക്കണം.
- ആളുകളെ മാറ്റുന്നതിനൊപ്പം വളർത്തുമൃഗങ്ങൾ / പക്ഷികൾ എന്നിവയുടെ സംരക്ഷണവും ഉറപ്പാക്കുക.
- വാതിലും ജനലുകളും പൂട്ടി വാട്ടർ ടാപ്പുകൾ, പാചക വാതകം, എന്നിവ ഓഫ് ചെയ്യുക.
- ഗതാഗതം നൽകാൻ കഴിയുമെങ്കിൽ, അങ്ങനെ ശ്രമിക്കുക
- എമർജൻസി കിറ്റ് കൈയ്യിൽ കരുതാൻ ആവശ്യപ്പെടുക


## തിരച്ചിൽ




- ദുരന്തത്തിൽ അകപ്പെട്ട / പരിക്കേറ്റ ആളുകളെ തിരയുകയും രക്ഷിക്കുകയും ചെയ്യുക എന്നതാണ് പ്രധാന ദൗത്യം.
- സ്ഥിതിഗതികൾക്കനുസരിച്ച് അടിയന്തിര സേനകളുടെ ആവശ്യം വിലയിരുത്തി സഹായം ഉറപ്പുവരുത്തുക. ഫയർ പോലീസ് മറ്റ് സേനകൾക്ക് തിരച്ചിലിനുള്ള ആവശ്യമായ സഹായം ഉറപ്പ് വരുത്തുക.
- വേഗത്തിലും എളുപ്പത്തിലും രക്ഷപ്പെടുത്താവുന്ന കുടുങ്ങി കിടക്കുന്നവരുടെ സ്ഥിതി മനസ്സിലാക്കി രക്ഷപ്പെടുത്തൽ.
- മുൻഗണനാ ക്രമത്തിൽ രക്ഷപ്പെടുത്തുകയും ആവശ്യമായ വൈദ്യ സഹായം ഉറപ്പ് വരുത്തുക, അതിനായി പ്രഥമ ശുശ്രൂഷാ ടീമുമായി സഹകരിച്ച് പ്രവർത്തിക്കുക.

## രക്ഷാപ്രവർത്തനം - വിവിധ സാഹചര്യങ്ങളിൽ, വിവിധ രീതികൾ



| | |
|---|---|
|  | **ഫയർമാൻസ് ക്യാരി**<br>പരിക്കുപറ്റിയതോ,<br>അബോധാവസ്ഥയിലായതോ ആയ<br>വ്യക്തിയെ തോളിൽ വഹിച്ച് കൂടുതൽ ദൂരം<br>കൊണ്ടു പോകുന്നതിനും ഏണി, പടികൾ<br>എന്നിവയിലൂടെ സുരക്ഷിത സ്ഥാനത്ത്<br>എത്തിക്കാനും കഴിയുന്നു. ഇവിടെ<br>രക്ഷാപ്രവർത്തകൻ ശക്തനായിരിക്കണം |
|  | **പാക്ക്സ്ട്രാപ് ക്യാരി**<br>പരിക്കേറ്റയാളെ കൂടുതൽ ദൂരം കൊണ്ടു<br>പോകാൻ നല്ല മാർഗ്ഗമാണിത്.<br>വ്യക്തിയുടെ ഇരു കൈകളും റിസ്റ്റിൽ പിടിച്ച്<br>വലിച്ച് തോളിലൂടെ നെഞ്ചോട് ചേർത്ത്<br>മുന്നോട്ട് അൽപം കുനിഞ്ഞ് ഇടുപ്പിൽ ഭാരം<br>കേന്ദ്രീകരിച്ച് നീങ്ങുക. |
|  | പരിക്കേറ്റ കുട്ടിയേയോ ഭാരം കുറഞ്ഞ<br>വ്യക്തിയേയോ മാറ്റുന്ന വിധമാണ്. ഇരയുടെ<br>കാൽമുട്ടിന് കീഴിലും പുറകിലുമായി ഇരു<br>കൈകൾ കൊണ്ട് താങ്ങി എടുത്ത് മാറ്റുന്നു |
|  | മിനുസമാർന്ന പ്രതലത്തിൽ ഒരു ചെറിയ ദൂരം<br>വ്യക്തിയെ നീക്കുന്നതിനുള്ള ഏറ്റവും<br>വേഗതയേറിയ രീതിയാണ് കണങ്കാൽ പുൾ.<br>ഇത് ഒരു അഭികാമ്യമായ രീതിയല്ല.<br><br>1. വ്യക്തിയെ കണങ്കാലുകളോ പാന്റ്<br>കഫുകളോ ഉപയോഗിച്ച് പിടിക്കുക.<br>2. നിങ്ങളുടെ കാലുകളിൽ ബലം നൽകി<br>നിവർന്ന് വലിക്കുക.<br>3 തലക്ക് പരിക്ക് പറ്റാത്ത വിധം നേർരേഖയിൽ<br>വലിക്കുക. |


| | |
|---|---|
|  | **ഷോൾഡർ പുൾ**<br>കണങ്കാൽ വലിക്കുന്നതിനേക്കാൾ മുൻഗണന നൽകാവുന്ന രീതിയാണ്. ഇത് വ്യക്തിയുടെ തലക്ക് സംരക്ഷണം ലഭിക്കുന്നു. വ്യക്തിയുടെ തോൾഭാഗത്തെ വസ്ത്രത്തിൽ ഇരു കൈകൾ കൊണ്ട് പിടിക്കുന്നതോടൊപ്പം കൈത്തണ്ടകൾ തലയ്ക്ക് സംരക്ഷണവും നൽകി നേർരേഖയിൽ വലിക്കുന്നു. |
|  | **ബ്ലാങ്കറ്റ് പുൾ**<br>വലിച്ചു നീക്കാവുന്ന ഏറ്റവും നല്ല രീതിയാണ്. ഒരു പുതപ്പ് അരികിൽ വിരിച്ച ശേഷം ഇരയെ കഴുത്തിനും തലക്കും ക്ഷതമേൽക്കാത്ത വിധം ഉരുട്ടി (Log roll method) പുതപ്പിൻറെ ഒരു കോണിൽ നിന്ന് ഉദ്ദേശം 2 അടി അകലെ തലവരും വിധം കിടത്തി പുതപ്പിൻറെ മൂലകൾ കൊണ്ട് പൊതിഞ്ഞ് നിവർന്ന് നിന്ന് കാലിന് ബലം നൽകി വലിച്ചു നീക്കുന്നു |
|  | **സ്റ്റെപ്പ് ഡൗൺ രീതി**<br>ബോധമുള്ളതോ, അബോധാവസ്ഥയിലുള്ളതോ ആയ വ്യക്തിയുടെ കാലുകൾ ഒന്നിനു മുകളിൽ മറ്റൊന്ന് വച്ച ശേഷം കൈകൾക്കിടയിലൂടെ രക്ഷകൻ തൻറെ കൈകൾ കടത്തി വിക്റ്റിമിൻ്റെ റിസ്റ്റിൽ പിടിച്ച് ശരീരത്തോട് ചേർത്ത് വലിക്കുന്നു. കാൽപാദങ്ങളും തലയും ഒരേ ഉയരത്തിലായിരിക്കാൻ ശ്രമിക്കണം |
|  | **ഡ്രാഗ് രീതി**<br>വ്യക്തി ബോധവാനായിരിക്കുകയും രക്ഷകന് തന്നെ നീക്കുന്നതിന് സഹകരിക്കുന്ന രീതിയിലുമാവണം. പുക നിറഞ്ഞതോ ഇടുങ്ങിയതോ ആയ സ്ഥലത്ത് നിന്നും നീക്കം ചെയ്യലാണ്. വ്യക്തിയുടെ കൈകൾ രണ്ടും കൂട്ടി കെട്ടി രക്ഷകൻ തൻറെ കഴുത്തിലിട്ട് കാൽമുട്ടിൽ ഇഴഞ്ഞു നീങ്ങുന്നു |

| | |
|---|---|
|   | ഡ്രാഗ് രീതി b): വ്യക്തി ബോധവാനായിരിക്കുകയും രക്ഷകന് തന്നെ നീക്കുന്നതിന് സഹകരിക്കുന്ന രീതിയിലുമാവണം. പുക നിറഞ്ഞതോ നിവർന്ന് നിൽക്കാൻ കഴിയാത്ത ഇടുങ്ങിയതോ ആയ സ്ഥലത്ത് നിന്നും നീക്കം ചെയ്യലാണ്. ഇരയുടെ കൈകൾക്കിടയിലൂടെ രക്ഷകൻ തൻറെ കാൽപാദങ്ങൾ കടത്തി ഇരുന്ന് പുറകിലേക്ക് വലിക്കുന്നു. ഒരു കയർ ഉപയോഗിച്ചും ചിത്രത്തിലേത് പോലെ നീക്കാം |
|   | ജല രക്ഷാ പ്രവർത്തനത്തിൽ നിവർന്ന് നിന്നോ ഓരത്ത് ഇരുന്നോ അല്ലാതെ ഉറച്ച വസ്തുവിൽ സപ്പോർട്ട് ചെയ്യുന്നത് രക്ഷകന് സുരക്ഷിതമാണ്. |
|   | നീന്തൽ വൈദഗ്ധ്യമുള്ള രക്ഷകന് മുങ്ങുന്നയാളുടെ തല വെള്ളത്തിന് മുകളിൽ ഹോൾഡ് ചെയ്ത് രക്ഷാമാർഗ്ഗം തേടാം. ആഴം കുറഞ്ഞ സ്ഥലങ്ങളിൽ ഈ രീതി ആർക്കും സ്വീകരിക്കാം |
|   | ഒരു ഫ്ലോട്ടിംഗ് ഡിവൈസിൻറെ സഹായത്താലുള്ള രക്ഷാപ്രവർത്തനം |
|  | ഒരു കാലിൽ പരിക്കുപറ്റിയ ആളെ അപകടസ്ഥലത്തു നിന്നും മാറ്റുന്ന രീതി. |

| | |
|---|---|
|  | ലംബമായി ഏണിയുടെ സഹായത്താൽ<br>മുകളിൽ നിന്ന് താഴേക്ക് ബോധമുള്ളതോ<br>അല്ലാത്തതോ ആയ<br>വ്യക്തിയെ എത്തിക്കാൻ രക്ഷകൻറേയും<br>ഏണിയുടേയും ഇടയിൽ<br>വ്യക്തിയെ നിർത്തിയോ രക്ഷകൻറെ ഒരു<br>കാലിൽ ഇരുത്തിയോ കൈകൾക്കിടയിലൂടെ<br>ഏണിയിൽ പിടിച്ച് ഇറക്കുന്ന രീതി |
| **ഒന്നിലധികം രക്ഷാപ്രവർത്തകർ - സാഹചര്യാനുസരണം** | |
|  | രണ്ട് രക്ഷാപ്രവർത്തകർ നേർമുഖത്തിൽ<br>നിന്ന് ഓരോരുത്തരുടേയും വലത് ഇടത്<br>കൈകളുടെ റിസ്റ്റിലും ഷോൾഡറുകളിലും പിടിച്ച്<br>ശരീരത്തിനോ ഇരുകാലുകൾക്കോ പരിക്കുപറ്റിയ<br>നിൽക്കാൻ കഴിയാത്ത<br>വ്യക്തിയെ ഇരുത്തി നീക്കുന്നു. |
|   | രണ്ട് രക്ഷാപ്രവർത്തകർക്ക്<br>അബോധാവസ്ഥയിലുള്ളതോ നടക്കാൻ<br>കഴിയാത്ത തോ ആയ<br>വ്യക്തിയെ നീക്കം ചെയ്യാൻ കഴിയുന്ന ഏറ്റവും<br>അനുയോജ്യമായ മാർഗ്ഗമാണിത്. കൂടുതൽ<br>ദൂരത്തിലോ പടികൾ ഇറങ്ങാനോ<br>അനുയോജ്യമാണിത്.<br>വ്യക്തിയുടെ പുറകിൽ നിന്ന് കൈകൾ<br>കൂട്ടിപ്പിടിച്ച് മുന്നിലെ രക്ഷകൻ ഇരു<br>വശങ്ങളിലായി കാൽമുട്ടുകൾ ചേർത്തു പിടിച്ചോ<br>കാലുകൾക്ക് പരിക്കുണ്ടെങ്കിൽ ഒരു വശത്തു<br>തന്നെ ഇരുകാലുകളും ഒന്നിനു മുകളിൽ<br>മറ്റൊന്നു വരുന്ന രീതിയിൽ ഹിപ്പിനോട്<br>ചേർത്ത് പിടിച്ച് ഒരേ ദിശയിൽ സഞ്ചരിക്കാൻ<br>കഴിയും. രണ്ടാമത്തെ രീതി മുന്നിലെ<br>വാതിലുകളോ തടസ്സങ്ങളോ നീക്കി മുന്നേറാൻ<br>കഴിയും. |

| | |
|---|---|
|  | പരുക്കിൽ സ്വയം നടക്കാൻ കഴിയാത്ത ബോധവാനായ വ്യക്തിയെ തങ്ങളുടെ തോളിൽ പിടിച്ച് ബലമുള്ള വടിയിലോ, തടിയിലോ ഇരുത്തി സമാന്തരമായി നിന്ന് മാറ്റുന്ന രീതി |
|  | **ഹാമോക്ക് ക്യാരി മെത്തേർഡ്**<br><br>മൂന്നോ അതിലധികമോ രക്ഷാപ്രവർത്തകരിൽ ശക്തനായ അംഗം വ്യക്തിയുടെ ഒരു വശത്തും മറ്റുള്ളവർ മറുവശത്തുമായി ഇരുന്ന് തലയോ കഴുത്തോ കൂടുതൽ ചലിക്കാത്ത രീതിയിൽ ഒരു കൈ ശരീരത്തോട് ചേർത്ത് ചരിച്ച് ശരീരത്തിനടിയിലൂടെ കൈകൾ കടത്തി മറുവശത്തെ രണ്ടു രക്ഷകരുടെ ഓരോ കൈകളിലെ റിസ്റ്റുകളിൽ പരസ്പരം പിടിച്ച് ഒരു വശത്തെ രണ്ടു പേരുടെ ഓരോ കൈകൾ തലയും കാലുകൾളും താങ്ങി നിവർന്ന് നിന്ന് നടന്നു നീങ്ങുന്നു. നട്ടെല്ല്, സുഷുമ്ന എന്നിവക്ക് പരിക്കുപറ്റിയതായി സംശയിക്കുന്നുവെങ്കിൽ ഒരു സ്ട്രെച്ചറിൻ്റെ ഉപയോഗത്തിന് സമാനമായി കാഷ്വാലിറ്റിയെ നീക്കം ചെയ്യാം. |

| | |
|---|---|
|  | **ലോഗ്റോൾ മെത്തേർഡ്**<br><br>മൂന്നു പേർ കിടക്കുന്ന വ്യക്തിയുടെ ഒരു വശത്ത് ഇരുന്ന് തലയും കഴുത്തും ചലിക്കാത്ത രീതിയിൽ താങ്ങി ഒരു കൈ ശരീരത്തോട് ചേർത്ത് വച്ച് രക്ഷകരുടെ കൈകളിലേക്ക് ഉരുട്ടി കയറ്റി തല ഭാഗത്തെ രക്ഷാപ്രവർത്തകൻ തൻറെ കൈയ്യിൽ തലചേർത്ത് ചരിച്ച ശരീരത്തോട് ചേർത്ത് പിടിച്ച് 'ഒരേ സമയം ഉയർത്തി സമാന്തരമായി നടന്നു നീങ്ങുന്നു. നട്ടെല്ല്, സുഷ്മ്ന എന്നിവക്ക് പരിക്കുപറ്റിയതായി സംശയിക്കുന്നുവെങ്കിൽ ഒരു സ്ട്രെച്ചറിൻറെ ഉപയോഗത്തിന് സമാനമായി വ്യക്തിയെ നീക്കം ചെയ്യാം. |
|   | **ഫോർ ഹാൻഡ്മെത്തേർഡ്**<br><br>കാലിനോ വയറിനോ പരുക്ക പറ്റിയ നടക്കാൻ കഴിയാത്ത ബോധമുള്ള വ്യക്തിയുടെ ഇരുവശത്തുമിരുന്ന് തങ്ങളുടെ ഇരു കൈകളുടേയും റിസ്റ്റുകളിൽ പിടിച്ച് അതിന് മുകളിൽ ഇരുത്തി ഇരുവരുടേയും തോളുകളിൽ ഇരു കൈകളും താങ്ങാനനുവദിച്ച് നീക്കം ചെയ്യുന്നു. |
|  | **ത്രീ ഹാൻഡ് മെത്തേർഡ്**<br><br>കാലിനോ വയറിനോ പരുക്ക പറ്റിയ നടക്കാൻ കഴിയാത്ത ബോധമുള്ള വ്യക്തിയുടെ ഇരു വശത്തായി നിന്ന് രക്ഷാപ്രവർത്തകരിൽ ഒരാളുടെ ഇരു കൈകളും മറ്റേയാളുടെ ഒരു കൈയ്യുടെ റിസ്റ്റിലുമായി ചിത്രത്തിലെ പോലെ പിടിച്ച് അതിൽ ഇരുത്തി ഇരുവരുടേയും തോളുകളിൽ ഇരു കൈകളും താങ്ങാനനുവദിച്ച് നീക്കം ചെയ്യുന്നു. രക്ഷാപ്രവർത്തകൻറെ ഒരുകൈ മുന്നിലെ തട്സ്സങ്ങൾ നീക്കാൻ സഹായകമാണ്. |



**താൽക്കാലിക സ്ട്രച്ചർ നിർമ്മാണം**

ഉദ്ദേശം 6 അടി നീളമുള്ള രണ്ട് വടികൾ ഷോൾഡർ അകലത്തിൽ വച്ച് രണ്ട് രക്ഷാപ്രവർത്തകർ തങ്ങളുടെ ഷർട്ടുകൾ ഊരി ഇരുഭാഗത്തും കൂടി കമ്പുകളിൽ കടത്തുന്നു. ഇതിനായി പുതപ്പുകൾ ചിത്രത്തിലേത് പോലെ ഉപയോഗിക്കാവുന്നതാണ്. നിരന്ന പ്രതലത്തിൽ അധികദൂരത്തിൽ വ്യക്തിയെ കിടത്തി നീക്കം ചെയ്യാൻ സഹായിക്കുന്നു



# ക്യാമ്പ് മാനേജ്മെൻറ് ടീം

(Camp Management Team)

## ക്യാമ്പ് മാനേജ്മെൻറ് ടീം

ദുരന്ത സാഹചര്യത്തിൽ ഒഴിപ്പിക്കപ്പെടുന്ന ആളുകൾക്ക് താമസിക്കാൻ തയ്യാറാക്കുന്ന കേന്ദ്രങ്ങൾ പരാതി രഹിതമായും കാര്യക്ഷമമായും പ്രവർത്തിപ്പിക്കാൻ പ്രാപ്തിയും കാര്യശേഷിയും ഉള്ളവരുടെ സേനയാണിത്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയിട്ടുള്ള ഓറഞ്ച് ബുക്ക് (2021) പ്രകാരവും ആരോഗ്യ വകുപ്പിൻറെ നിർദേശ പ്രകാരവും രണ്ട് തരത്തിലുള്ള ക്യാമ്പുകളാണ് ഈ വർഷം തയ്യാറാക്കേണ്ടത്. കെട്ടിടം ഒന്ന് - പൊതുവായ ദുരിതാശ്വാസ ക്യാമ്പുകൾ. രണ്ട് - ഹോം ക്വാറൻറ്റീനിൽ കഴിയുന്ന വ്യക്തികളെ താമസിപ്പിക്കുവാൻ മുറിയോട് ചേർന്ന് ടോയ്‌ലറ്റ് സംവിധാനം ഉള്ള കെട്ടിടങ്ങൾ. കോവിഡ് ബാധിച്ചിട്ടുള്ളവരെ ആരോഗ്യ വകുപ്പിൻറെ നിർദേശ പ്രകാരം കോവിഡ് ഹോസ്പിറ്റലിലേക്ക് മാറ്റേണ്ടതാണ്.

## ക്യാമ്പ് മാനേജ്മെൻറ് ടീമുകൾക്കുള്ള നിർദ്ദേശം

- ദുരിതാശ്വാസ ക്യാമ്പുകൾ എന്നത് താത്കാലിക സംവിധാനമാണ്. ദുരന്ത സാഹചര്യത്തിൽ മാറ്റി പാർപ്പിക്കപ്പെടുന്നവർ ദുരന്ത സാഹചര്യം അവസാനിക്കുമ്പോൾ തിരികെ ഭവനങ്ങളിൽ പോകേണ്ടതാണ് എന്നത് അവർക്ക് മനസിലാക്കി കൊടുക്കണം
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റിലീഫ് ക്യാമ്പുകൾ നടത്തുവാൻ ഉതകുന്ന ക്യാമ്പ് കെട്ടിടങ്ങൾ നേരത്തെ തന്നെ നിശ്ചയിച്ചിട്ടുള്ളതാകും. ഈ കെട്ടിടങ്ങളിൽ മതിയായ സൗകര്യങ്ങൾ ഉണ്ടോ എന്ന് ക്യാമ്പ് മാനേജ്‌മന്റ് ടീം പരിശോധിക്കേണ്ടതാണ്. കുറവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുകയും ചെയ്യേണ്ടതാണ്.
- ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭിക്കുന്ന മുന്നറിയിപ്പ് അനുസരിച്ച് ക്യാമ്പുകൾ തുടങ്ങേണ്ടതായി വരികയാണെങ്കിൽ ക്യാമ്പ് മാനേജ്‌മെന്റ് ടീം അംഗങ്ങൾ അവിടെ സന്നിഹിതരാകുകയും ക്യാമ്പിൽ പാർപ്പിക്കേണ്ട ആളുകളുടെ വിവരങ്ങൾ ക്യാമ്പ് ചാർജ് ഓഫീസർ നിർദ്ദേശിക്കുന്ന രീതിയിൽ തരം തിരിച്ച് രേഖപ്പെടുത്തുവാൻ സഹായിക്കേണ്ടതുമാണ്.
- ക്യാമ്പ് മാനേജ്മെന്റ് ടീമിൽ സ്ത്രീ പുരുഷ അനുപാതം 50:50 ആകുന്നത് ക്യാമ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായകരമാകും.
- ക്യാമ്പ് പരിപാലന കമ്മിറ്റിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും എന്തൊക്കെയാണെന്നു ക്യാമ്പ് മാനേജ്മെൻറ് ടീം അറിയേണ്ടത് അനിവാര്യമാണ്. ഇതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറത്തിറിക്കിയ ഓറഞ്ച് ബുക്കിൽ (ഓറഞ്ച് ബുക്ക്- 2021) ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ വായിച്ച് അറിയേണ്ടതാണ്.

- അതാത് പ്രദേശത്തെ വില്ലേജ് ഓഫീസറുമായും പഞ്ചായത്ത് ഉദ്യോഗസ്ഥരുമായും സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.
- അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെയും സ്ഥാപനങ്ങളുടെയും ഫോൺനമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ കൈവശം സൂക്ഷിക്കേണ്ടതാണ്.
- മാനസിക ബുദ്ധിമുട്ടനുഭവിക്കുന്നവരെ കണ്ടെത്തുകയും, അവർക്ക് പ്രത്യേക പരിഗണന നൽകുകയും, വേണ്ടി വന്നാൽ കൗൺസിലറുടെ സഹായം ലഭ്യമാക്കാനും മുൻകൈ എടുക്കുക.
- ക്യാമ്പിലെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളോട് ആവശ്യമെങ്കിൽ ദ്വിഭാഷിയുടെ സഹായത്തോടെ ആശയവിനിമയം നടത്താൻ ശ്രദ്ധിക്കുക.
- വൈദ്യ സഹായം വേണ്ടിവന്നാൽ ബന്ധപ്പെടുവാൻ ആവശ്യമായ നമ്പറുകൾ ടീമിന്റെ കൈവശം ഉണ്ടെന്നു ഉറപ്പാക്കേണ്ടതാണ്.
- ക്രമസമാധാന പ്രശ്നം ഉണ്ടാകുന്ന പക്ഷം ക്യാമ്പ് ചാർജ് ഉള്ള ഓഫീസറെ അറിയിക്കുകയും പോലീസിനെ അറിയിക്കേണ്ടതുമാണ്.
- കുടുംബമായി ക്യാമ്പിൽ എത്തുന്നവർക്ക് ഒന്നിച്ച് താമസിക്കാനുള്ള സൗകര്യം പരമാവധി ചെയ്ത് കൊടുക്കാം.
- 20×20 അടി വിസ്തീർണ്ണമുള്ള ഒരു മുറിയിൽ പരമാവധി 8 മുതൽ 12 വ്യക്തികൾ, അല്ലെങ്കിൽ പരമാവധി 2 കുടുംബങ്ങൾക്ക് മാത്രമാണ് നൽകേണ്ടത്.
- വൈദ്യുതി തടസമുണ്ടാകുന്ന അവസരങ്ങളിൽ മെഴുകുതിരികൾ, മറ്റ് വിളക്കുകൾ ലഭ്യമാക്കുക. ശൗചാലയങ്ങളിലും ഇത് ഉറപ്പ് വരുത്തുക.
- മഴക്കാലത്ത് ഇഴജന്തുക്കളുടെ സാന്നിധ്യം കൂടുവാൻ സാഹചര്യം ഉള്ളതിനാൽ ക്യാമ്പും പരിസരങ്ങളിലും ഇഴജന്തുക്കൾ കയറുവാൻ ഉള്ള സാഹചര്യം ഇല്ലാതാക്കുവാൻ ചെയ്യേണ്ട പ്രവർത്തങ്ങൾ ഉറപ്പുവരുത്തേണ്ടാതാണ്. ഏതെങ്കിലും സാഹചര്യത്തിൽ പാമ്പ് പോലുള്ള ഇഴജന്തുക്കളുടെ കടി ഏറ്റു എന്ന് സംശയിച്ചാൽ ഉടനടി വൈദ്യസഹായം തേടേണ്ടതാണ്.
- മഴക്കാല രോഗങ്ങൾ പകരുന്നതിനിടയാക്കുന്ന വൃത്തിഹീനമായ സാഹചര്യങ്ങൾ ക്യാമ്പ് പരിസരങ്ങളിൽ ഒഴിവാക്കുക.
- നിലവിൽ സ്ഥിരമായി മരുന്നു കഴിക്കുന്നവർക്ക് അവയുടെ ലഭ്യത ഉറപ്പ് വരുത്തുക.

## കോവിഡ് 19: നിർദ്ദേശങ്ങൾ

- ക്യാമ്പിൽ അന്തേവാസികൾ പ്രവേശിപ്പിക്കപ്പെടുമ്പോൾ പാലിക്കപ്പെടേണ്ട കോവിഡ് മാനദണ്ഡങ്ങളെക്കുറിച്ച് വിശദീകരിച്ച് നൽകേണ്ടതും ഭക്ഷണ വിതരണം, റിലീഫ് സാമഗ്രികളുടെ വിതരണം, പൊതുയോഗം, കലാ സാംസ്കാരിക കൂട്ടായ്മ എന്നിവകളിലൊക്കെ പ്രോട്ടോക്കോൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ വരുത്തുകയും ചെയ്യേണ്ടതാണ്.

- ക്യാമ്പുകളിൽ കോവിഡ് നിരീക്ഷണത്തിൽ കഴിയുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ടീം അംഗങ്ങൾക്ക് പ്രത്യേക ചുമതല നൽകേണ്ടതാണ്.
- കോവിഡ് സ്ഥിരീകരിച്ച വ്യക്തികൾക്ക് ക്യാമ്പിന്റെ ചുമതലയുള്ള ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ആശുപത്രികളിലേക്ക് മാറ്റുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.
- ക്യാമ്പിൽ സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകുവാനുള്ള സൗകര്യം ഒരുക്കണം.
- വസ്ത്രം അണുവിമുക്തമാക്കുന്നതിനും കഴുകുന്നതിനുമുള്ള സൗകര്യം ഉറപ്പാക്കണം.
- ക്യാമ്പിൽ പൊതുവായോ കൈമാറ്റം ചെയ്തോ ദിനപത്രം, പുസ്തകം, മാസിക എന്നിവ ഉപയോഗിക്കുന്നത് കോവിഡ് 19 പകരുന്നതിന് സാധ്യത വർധിപ്പിക്കുന്നതിനാൽ അവ ഒഴിവാക്കുക.
- ആരോഗ്യ വകുപ്പ് പുറത്തിറക്കുന്ന കോവിഡ് 19 സംബന്ധിയായ വീഡിയോകൾ ക്യാമ്പിൽ പ്രദർശിപ്പിക്കുക.
- കോവിഡ് രോഗലക്ഷണങ്ങളുള്ളവർക്ക് കോവിഡ് ടെസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- മാസ്ക്, സാനിറ്റൈസർ, ബ്ളീച്ചിങ് പൗഡർ, കയ്യുറകൾ എന്നിവ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ശേഖരിക്കുകയും ആവശ്യാനുസരണം ഉപയോഗിക്കുകയും ചെയ്യുക.

## ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

- ക്യാമ്പിൽ പ്രവേശിപ്പിക്കപ്പെടുന്ന അന്തേവാസികളോട് കരുണയോടും സഹാനുഭൂതിയോടും പെരുമാറുക.
- ക്യാമ്പിന്റെ നടത്തിപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക.
- ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവ്വഹിക്കുകയും ആവശ്യപ്പെട്ടാൽ അതിനെ സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ സന്നദ്ധരാകുകയും ചെയ്യുക.
- ദുരിതാശ്വാസ ക്യാമ്പുകളിൽ മദ്യം, പുകയില, ഇതര ലഹരി വസ്തുക്കളുടെ വിൽപനയോ ഉപയോഗമോ ഇല്ല എന്ന് ഉറപ്പ് വരുത്തുക.
- ക്യാമ്പിൽ രാഷ്ട്രീയ പാർട്ടികളുടെയോ സംഘടനകളുടെയോ കൊടിയോ അടയാളങ്ങളോ പ്രദർശിപ്പിക്കരുത്.
- മതം, ജാതി, വർഗം, ലിംഗം, രാഷ്ട്രീയം തുടങ്ങിയവയുടെ പേരിൽ അന്തേവാസികളോട് വിവേചനം കാണിക്കരുത്.

## പ്രത്യേക പരിഗണനാ വിഭാഗങ്ങൾ: നിർദ്ദേശങ്ങൾ

- ക്യാമ്പുകളിൽ കുട്ടികൾക്കും സ്ത്രീകൾക്കും വയോധികർക്കും ഭിന്ന ശേഷിക്കാർക്കും മതിയായ സൗകര്യങ്ങളും സുരക്ഷയും ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക പോഷകാഹാരങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- സാനിറ്ററി പാഡുകൾ, ടിഷ്യു പേപ്പറുകൾ, ഫസ്റ്റ് എയ്ഡ് മരുന്നുകൾ എന്നിവ ആവശ്യാനുസരണം സ്റ്റോക്ക് ഉറപ്പ് വരുത്തുകയും ആവശ്യമെങ്കിൽ ചാർജ് ഓഫീസറെ ധരിപ്പിക്കുകയും ചെയ്യുക.
- ക്യാമ്പിലെ ടോയിലറ്റ് സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്കും വയോധികർക്കും ഉപയോഗിക്കാൻ പര്യാപ്തമാണോയെന്ന് പരിശോധിക്കുകയും അല്ലെങ്കിൽ ആവശ്യമായ നടപടികൾക്ക് മുൻകൈയെടുക്കുകയും ചെയ്യുക.
- ക്യാമ്പിൽ കിടപ്പ് രോഗികൾ ഉണ്ടെങ്കിൽ അത് യഥാസമയം പാലിയേറ്റീവ് കെയർ യൂണിറ്റുകളെ അറിയിക്കുകയും അവരുടെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യണം.
- കോവിഡ് സാഹചര്യത്തിൽ ക്യാമ്പിലെ മുതിർന്ന പൗരൻമാരെ ക്യാമ്പിലെ തന്നെ മറ്റൊരു കെട്ടിടത്തിൽ താമസിപ്പിക്കാൻ ശ്രമിക്കുക. ഇവരുമായി പ്രായം കുറഞ്ഞ ക്യാമ്പ് അംഗങ്ങൾ ഇടപെടൽ പരമാവധി ഒഴിവാക്കുക. ഇവർക്ക് ഭക്ഷണം നൽകുന്നതിനും പ്രത്യേക സ്ഥലം ക്യാമ്പിൽ ഒരുക്കുക.
- ഭിന്നശേഷിക്കാർ ഉപയോഗിക്കുന്ന സഹായ ഉപകരണങ്ങൾക്ക് തകരാർ സംഭവിക്കുകയാണെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.
- ക്യാമ്പ് കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാണെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ക്യാമ്പ് മാനേജ്മന്റ് ടീമിന് ഉണ്ട് (വീൽ ചെയർ സുഗമമായി കയറ്റുവാൻ കഴിയുന്ന റാംമ്പ്, വീൽ ചെയർ കടന്നു പോകുവാൻ പറ്റുന്ന വാതിലുകൾ എന്നിവ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്).
- ക്യാമ്പുകളിൽ അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ഹെൽപ് ലൈൻ നമ്പറുകൾ പ്രദർശിപ്പിക്കണം.
- ട്രാൻഡ്ജൻഡർ വിഭാഗത്തിൽ പെട്ടുന്നവർക്ക് ക്യാമ്പുകളിൽ സുരക്ഷയും ക്ഷേമവും ഒരുക്കുകയും വിവേചനം നേരിടുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും വേണം.
- അമ്മമാർക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യവും സ്വകാര്യതയും ക്യാമ്പുകളിൽ ഒരുക്കണം.
- കാഴ്ച പരിമിതികൾ ഉള്ള വ്യക്തികൾക്ക് തടസ രഹിതമായിരിക്കണം ക്യാമ്പും പരിസരവും.

- കുട്ടികൾക്ക് ആവശ്യമായ സുരക്ഷയും മാനസിക ഉല്ലാസത്തിനാവശ്യമായ കളിപ്പാട്ടങ്ങളും ക്യാമ്പിൽ ലഭ്യമാക്കുന്നത് നല്ലതാണ്. ഇതിനായി സന്നദ്ധ സംഘടനകളുടെ സഹകരണം തേടാവുന്നതാണ്.

## ശുചിത്വ-മാലിന്യ നിർമ്മാർജനം

- ദുരിതാശ്വാസ ക്യാമ്പുകളുടെ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതും രോഗ വ്യാപനം ഇല്ലെന്ന് ഉറപ്പ വരുത്തേണ്ടതും ERT അംഗങ്ങളുടെ ചുമതലയാണ്.
- ക്യാമ്പിലെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളിൽ ERT അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.
- കുറഞ്ഞത് 30 പേർക്ക് 1 ടോയിലറ്റ് ഉറപ്പ് വരുത്തുക.
- ടോയിലറ്റ് ഉപയോഗത്തിന് മുൻപും പിൻപും ശേഷവും ശുചിത്വം ഉറപ്പ വരുത്തുവാനായി ശുചിമുറികളിൽ സോപ്പ് ലായനി കുപ്പികളിൽ ഉറപ്പവരുത്തുക. ലായനി തീർന്ന് പോകുന്ന അവസ്ഥ ഒഴിവാക്കുവാൻ ദിവസം 2 വട്ടം ടീം അംഗങ്ങൾ പരിശോധിക്കുക.
- ശുചീകരണ വസ്തുക്കളും (ലോഷൻ, ഫിനോൾ, ക്ലോറിൻ, ബ്ലീച്ചിങ് പൌഡർ, ചൂലുകൾ, തറ തുടയ്ക്കുവാൻ ആവശ്യമായ തുണി/മോപ്പ്, സോഡിയം ഹൈപ്പോ ക്ലോറൈഡ്), ശുചീകരണം നടത്തുന്നവർക്ക് ആവശ്യമായ വ്യക്തി സുരക്ഷാ സാമഗ്രികളും (കയ്യുറ, ഗംബൂട്ട്) ദിവസവും ആവശ്യത്തിന് ലഭ്യമാക്കണം
- 1% ബ്ലീച്ചിങ് ലായനി (1 ലിറ്റർ വെള്ളത്തിൽ 30 ഗ്രാം പുതിയ ബ്ലീച്ചിങ് പൌഡർ) ഉപയോഗിച്ച് ദിവസത്തിൽ രണ്ട് പ്രാവശ്യം നിലം വൃത്തിയാക്കുക. അതിസ്പർശന പ്രതലങ്ങൾ (ടോയ്ലറ്റ്, വാതിൽപിടി, ടേബിളുകൾ) 1% ബ്ലീച്ചിങ് ലായനി ഉപയോഗിച്ച ദിവസവും ചുരുങ്ങിയത് 4 തവണ വൃത്തിയാക്കുക.
- ശുചിമുറികൾ ദിവസവും രണ്ട് തവണ ഫിനോൾ അല്ലെങ്കിൽ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് വൃത്തിയാക്കണം.
- ക്യാമ്പുകളിലെ എല്ലാ മുറികളുടെയും പ്രവേശന കവാടത്തിൽ സാനിട്ടൈസറോ സോപ്പോ ഉറപ്പാക്കുക.
- ക്യാമ്പുകളും, പരിസരവും ദിവസവും ശുചീകരിക്കുക.
- ഗ്ലൗസ്, ബൂട്സ് മുതലായവ ഉപയോഗിച്ച മാത്രം ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ശുചിമുറികളിൽ ആവശ്യമായ ബക്കറ്റ്, മഗ്ഗ് എന്നിവയുടെയും ലഭ്യത ഉറപ്പാക്കണം.
- സ്ത്രീകളുടെ മുറികളിൽ സാനിട്ടറി നാപ്കിൻ ഉറപ്പാക്കുക. ഇവയുടെ ഉപയോഗ ശേഷമുള്ള ശാസ്ത്രീയ ശേഖരണവും സംസ്കരണവും ഉറപ്പാക്കുക.

- ക്യാമ്പുകളിൽ ജൈവ മാലിന്യവും, അജൈവ മാലിന്യവും ശേഖരിക്കുന്നതിന് പ്രത്യേകം അടപ്പുള്ള ബിന്നുകളും, മാലിന്യ ശേഖരണ ബാഗുകളും ലേബൽ ചെയ്തു ലഭ്യമാക്കുക.
- ശേഖരിക്കുന്ന ഭക്ഷണ അവശിഷ്ടം കമ്പോസ്റ്റ് ചെയ്യുന്നതിന് ശ്രമിക്കുക
- വസ്ത്രം കഴുകാനായി പ്രത്യേകം സമയം ക്രമീകരിക്കേണ്ടതാണ്.

## ഭക്ഷണ ക്രമീകരണം

- ഭക്ഷണം കഴിക്കുവാൻ തിക്കും തിരക്കും ഒഴിവാക്കുവാൻ പല സ്ഥലങ്ങളിൽ ആയി പരമാവധി 20 പേരിൽ കൂടാതെ ഭക്ഷണം കഴിക്കുവാൻ ക്രമീകരണം ചെയ്യുക.
- ഭക്ഷണം കഴിക്കുന്നതിനുള്ള പ്ലേറ്റ്, ഗ്ലാസ് എന്നിവ ഓരോരുത്തർക്കും പ്രത്യേകം നൽകുവാനും, ക്യാമ്പിൽ താമസിക്കുന്ന സമയത്തോളം ഓരോരുത്തരും അവരവരുടെ തന്നെ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ ഉപയോഗിക്കുന്നു എന്നും ഉറപ്പുവരുത്തുക.
- ഭക്ഷണം കൈകാര്യം (പാചകം, വിതരണം മുതലായവ) ചെയ്യുന്നവർ ഉപയോഗിച്ച പാത്രങ്ങളിലോ ഭക്ഷണാവശിഷ്ടങ്ങളിലോ നേരിട്ട് സ്പർശിക്കരുത്. ഭക്ഷണവും ഭക്ഷണാവശിഷ്ടങ്ങളും കൈകാര്യം ചെയ്യുമ്പോൾ എല്ലായ്പോഴും കയ്യുറകളും മാസ്കും ധരിക്കേണ്ടതാണ്.
- ഓരോ കുടുംബത്തിനും മുറിയിൽ കുടിവെള്ളത്തിനായി പ്രത്യേകം ജഗ്ഗ് ഉണ്ടെന്ന് ഉറപ്പാക്കണം.
- ഭക്ഷണം കഴിക്കുന്ന പാത്രം, ഗ്ലാസ് എന്നിവ സ്വയം കഴുകി വൃത്തിയാക്കി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകണം.
- കൊതുകിന്റെ പ്രജനനം, ജല മലിനീകരണം എന്നിവ തടയുന്നതിനായി ജലം നിറച്ച പാത്രങ്ങൾ നന്നായി അടച്ചു സൂക്ഷിക്കുക. ജലസംഭരണികൾ ഉപയോഗിക്കുന്നതിനു മുൻപ് വൃത്തിയാക്കുകയും അണു വിമുക്തമാക്കുകയും ചെയ്യണം.

## വളർത്ത് മൃഗങ്ങളുടെ ക്യാമ്പുകൾ : നിർദ്ദേശങ്ങൾ

മനുഷ്യരുടെ സുരക്ഷ എന്ന പോലെ തന്നെ പ്രധാനമാണ് ദുരന്തമേഖലകളിലെ മൃഗങ്ങളുടെയും പക്ഷികളുടെയും സുരക്ഷ. വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളായ കുട്ടനാട്ടിലും കോൾനിലങ്ങളിലും പൊക്കാളി മേഖലയിലും അടിയന്തിരഘട്ടങ്ങളിൽ മൃഗസംരക്ഷണ ദുരിതാശ്വാസ ക്യാമ്പുകൾ നടത്താൻ ആവശ്യമായ സ്ഥലങ്ങൾ നിർണയിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് മൃഗസംരക്ഷണ വകുപ്പ് ഇത്തരം ഷെൽറ്ററുകൾ ഒരുക്കേണ്ടതാണ്. സമാനമായ ദുരന്ത സാഹചര്യങ്ങളുള്ള മേഖലകളിലും മൃഗസംരക്ഷണത്തിനായി ബന്ധപ്പെട്ട വകുപ്പുകളുടെ

മേൽനോട്ടത്തിൽ ഷെൽറ്ററുകൾ തുറക്കേണ്ടതുണ്ട്. വളർത്തുമൃഗങ്ങളെയും തെരുവുമൃഗങ്ങളെയും ഇത്തരം കേന്ദ്രങ്ങളിൽ എത്തിച്ച് സംരക്ഷണം നൽകേണ്ടതാണ്.

- മൃഗങ്ങളിലെയും പക്ഷികളിലെയും പകർച്ചവ്യാധികൾ പരിഗണിച്ച് ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചുവേണം ഇവയെ പാർപ്പിക്കാൻ.
- ക്യാമ്പിലെ മാലിന്യ നിർമാർജ്ജനം ശരിയായ രീതിയിൽ നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.
- ക്യാമ്പിൽ പരിപാലിക്കപ്പെടുന്ന പക്ഷി മൃഗാദികൾക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും മുടക്കം കൂടാതെ നൽകുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ, തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഉറപ്പ് വരുത്തണം.
- ചികിത്സയും പ്രത്യേക പരിചരണവും ആവശ്യമുള്ള മൃഗങ്ങൾക്ക് അത് ഉറപ്പ് വരുത്തുകയും കൃത്യമായ ഇടവേളകളിൽ പുരോഗതി നിരീക്ഷിച്ച് ചുമതലയുള്ള ഡോക്ടറെ അറിയിക്കുകയും വേണം.
- മൃഗങ്ങളുടെ ഭക്ഷണ ക്രമം സംബന്ധിച്ച നിർദ്ദേശങ്ങൾ ചുമതലയിലുള്ള മൃഗഡോക്ടറുമായി ബന്ധപ്പെട്ടാണ് തീരുമാനിക്കേണ്ടത്.
- ക്യാമ്പ് അവസാനിപ്പിച്ചു കഴിഞ്ഞ ഉടൻ തന്നെ സമയ ബന്ധിതമായി ആ സ്ഥലം പൂർവ്വ സ്ഥിതിയിലേക്ക് കൊണ്ട് വരാൻ ശ്രദ്ധിക്കുക.

ക്യാമ്പ് നടത്തിപ്പിനായുള്ള സാമ്പത്തിക ആവശ്യങ്ങളിലോ ചിലവുകളിലോ ക്യാമ്പ് മാനേജ്മെൻറ് ERT ഇടപെടേണ്ടതില്ല. അതിനുള്ള ക്രമീകരണം അതാത് പ്രദേശത്തെ വില്ലേജ് ഓഫീസറും പഞ്ചായത്ത് ഉദ്യോഗസ്ഥരുമായും നടത്തുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച 'മിനിമം സ്റ്റാൻഡേർഡ്സ് ഓഫ് റിലീഫ്' പരിശോധിക്കുക. - www.sdma.kerala.gov.in



# പ്രഥമ ശുശ്രൂഷ ടീം

(First Aid Team)

## പ്രഥമ ശുശ്രൂഷ ടീം

ദുരന്ത സമയങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങളിൽ ആളുകളുടെ ജീവൻ രക്ഷിക്കുന്നതിന് ആവശ്യമായ പ്രഥമ ശുശ്രൂഷ നൽകുന്നതിന് തദ്ദേശ സ്ഥാപന തലത്തിൽ തന്നെ രൂപം നൽകുന്ന ഈ വിഷയത്തിൽ പരിശീലനം ലഭിച്ച ആളുകളുടെ ഒരു കൂട്ടം ആണ് പ്രഥമ ശുശ്രൂഷ ടീം.

## പ്രഥമ ശുശ്രൂഷയുടെ ലക്ഷ്യങ്ങൾ

- ജീവൻ നിലനിർത്തുക - ഏറ്റവും പ്രധാനപ്പെട്ടതും മറ്റെന്തിനേക്കാളും ആദ്യം പരിഗണിക്കപ്പെടേണ്ടതുമായ ലക്ഷ്യം ജീവൻ നിലനിർത്തുക എന്നതാണ്.
- അവസ്ഥ മോശമാകാതിരിക്കുക - അപകടത്തിൽപെട്ട ആളുടെ അവസ്ഥ കൂടുതൽ മോശമാകാതിരിക്കുക.
- ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുക - പ്രാഥമിക ശുശ്രൂഷ അസുഖത്തിൽ നിന്നോ, അപകടാവസ്ഥയിൽ നിന്നോ ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കേണ്ടതാണ്. ചില അവസരങ്ങൾ പ്രാഥമിക ശുശ്രൂഷ കൊണ്ട് തന്നെ മേൽ പറഞ്ഞ അവസ്ഥ കൈവരിക്കാവുന്നതാണ്.
- രോഗിക്ക് പിന്നീടുണ്ടാകുന്ന സങ്കീർണത കുറക്കുക.

## പ്രഥമ ശുശ്രൂഷ നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- അപകടത്തിലായ വ്യക്തിയെ സഹായിക്കുന്നതിന് മുൻപ്, സ്വന്തം സുരക്ഷ ഉറപ്പാക്കണം.
- അപകടം പറ്റിയ ആളെ സുരക്ഷിതമായി കിടത്തിയ ശേഷം അയാളുടെ വായ്ക്കുള്ളിൽ എന്തെങ്കിലും ദ്രാവകങ്ങളോ മറ്റെന്തെങ്കിലും സാധനകളോ ഇല്ല എന്ന് ഉറപ്പ വരുത്തണം. ഏതെങ്കിലും വസ്തു ഉണ്ടെങ്കിൽ അവ നീക്കം ചെയ്യാൻ സാധിക്കുന്ന രീതിയിലാണ് ഉള്ളതെങ്കിൽ നീക്കം ചെയ്യുക.
- വ്യക്തി നന്നായും സ്വതന്ത്രമായും ശ്വസിക്കുന്നു എന്ന് ഉറപ്പ വരുത്തുക.
- നിങ്ങൾ പ്രഥമ ശുശ്രൂഷ നൽകുമ്പോൾ തന്നെ വിദഗ്ധ ചികിത്സ ലഭ്യമാകാനായി ശ്രമിക്കണം.
- അബോധാവസ്ഥയിലോ, അർധബോധാവസ്ഥയിലോ ഉള്ള വ്യക്തിക്ക് ദ്രാവക രൂപത്തിലുള്ള ഒന്നും നൽകരുത്, ബോധം നഷ്ടമായ വ്യക്തിയെ കുലുക്കിയും തട്ടിയും എഴുന്നേൽപ്പിക്കാനും ശ്രമിക്കരുത്.

## പ്രഥമ ശുശ്രൂഷ കിറ്റിൽ എന്തെല്ലാം ?

- അണുവിമുക്തമായ ബാൻഡേജ്, പ്ലാസ്റ്റർ
- അണുവിമുക്തമായ പഞ്ഞി

- ആന്റിസെപ്റ്റിക് ഓയിന്റ്മെന്റുകൾ
- മുറിവ് വൃത്തിയാക്കാനുള്ള ആന്റിസെപ്റ്റിക് മരുന്നുകൾ (ഡെറ്റോൾ, ബീറ്റാഡിന് തുടങ്ങിയവ)
- വിവിധ അളവിലുള്ള റോളർ ബാൻഡുകൾ
- കത്രികകൾ, പേന, ടോർച്
- ഗ്ലാസ്
- സേഫ്റ്റി പിൻ
- തെർമോമീറ്റർ
- സാനിറ്റൈസർ അഥവാ സോപ്പ്
- മാസ്ക്
- കോവിഡ് രോഗിയെ പരിചരിക്കുകയാണെങ്കിൽ പി.പി.ഇ കിറ്റ്

## ഹൃദയസ്തംഭനം

ഹൃദയപേശികളിലേക്ക് ആവശ്യത്തിന് രക്തം എത്താതിരിക്കുന്നതു കാരണം ഹൃദയപേശികൾ നശിക്കുന്ന അവസ്ഥയെയാണ് ഹൃദയാഘാതം എന്ന് വിളിക്കുന്നത്. പെട്ടെന്നുണ്ടാകുന്ന നെഞ്ചുവേദനയും (സാധാരണഗതിയിൽ ഈ വേദന ഇടതു കയ്യിലേയ്ക്കോ കഴുത്തിന്റെ ഇടതുവശത്തേയ്ക്കോ വ്യാപിക്കുന്ന), ശ്വാസം മുട്ടൽ, ഓക്കാനം, ഛർദ്ദി, നെഞ്ചിടിപ്പ്, അമിതമായ വിയർപ്പ്, വ്യാകുലത എന്നിവയാണ് സാധാരണയായുള്ള ലക്ഷണങ്ങൾ.

ദൈനംദിന ജീവിതത്തിൽ നമ്മൾ കേൾക്കുന്നൊരു കാര്യം ആണ് കുഴഞ്ഞു വീണു മരിക്കുക എന്നത്. ഇതിനു പ്രധാന കാരണം ഹൃദയ സ്തംഭനം ആയിരിക്കും. ഇത് തിരിച്ചറിഞ്ഞാൽ എത്രയും വേഗം പ്രാഥമിക ചികിത്സയായ സി.പി.ആർ. കൊടുത്തു നമ്മൾക്ക് ആ വ്യക്തിയുടെ ജീവൻ രക്ഷപെടുത്താൻ സാധിച്ചേക്കാം .

## സി.പി.ആർ കൊടുക്കേണ്ട വിധം

രണ്ടു തോളിലും ശക്തമായി തട്ടി വിളിച്ചു രോഗി പ്രതികരിക്കുന്നുണ്ടോ എന്ന് നോക്കുക. രോഗി ശ്വാസം എടുക്കുന്നുണ്ടോ എന്ന് നോക്കുക. ഇല്ലെങ്കിൽ ഉടനടി ആംബുലൻസ് വിളിക്കുക. രോഗിയെ നിരപ്പായ കട്ടിയുള്ള പ്രതലത്തിൽ മുഖം മുകളിലേക്ക് ആകത്തക്ക വിധത്തിൽ മലർത്തി കിടത്തുക. പ്രതികരണവും ശ്വാസവും ഇല്ലെങ്കിൽ ഉടനെ കൂടുതൽ സമയം കളയാതെ നെഞ്ചിൽ മർദ്ദം കൊടുത്തു കൊണ്ട് (Compression ) സി.പി.ആർ കൊടുക്കുക.

രോഗിയുടെ നെഞ്ചിന്റെ മധ്യഭാഗത്തുള്ള അസ്ഥിയുടെ നടുക്ക് നമ്മുടെ കയ്യ് അമർത്തി ആണ് മർദ്ദം കൊടുക്കേണ്ടത് (Compression). ഒരു കൈപ്പത്തിയുടെ മുകളിൽ അടുത്ത കൈപ്പത്തി വെച്ച് തോൾ എല്ലു ശരീരത്തിൽ നിന്ന് 90 ഡിഗ്രി കോണിൽ വരത്തക്ക വിധത്തിൽ ആവണം മർദ്ദം

കൊടുക്കേണ്ടത്. 30 പ്രാവശ്യം മർദ്ദം കൊടുക്കുക. മിനുറ്റിൽ 100 തവണ ആകുന്ന വേഗതയിൽ മർദ്ദം നൽകേണ്ടതാണ്. നെഞ്ചിലെ എല്ല് 2 ഇഞ്ച് എങ്കിലും താഴുന്ന അത്ര ശക്തിയിൽ (2.5 ഇഞ്ചിൽ കൂടാതെ) രോഗിയുടെ നെഞ്ചിൽ മർദ്ദം നൽകേണ്ടതാണ്. ഓരോ തവണ അമർത്തുമ്പോഴും നെഞ്ച് പൂർവ സ്ഥിതിയിൽ ആകുവാൻ അനുവദിക്കണം. 30 തവണ ഇങ്ങനെ ചെയ്തതിനു ശേഷം തല ചെറുതായി പുറകോട്ടു ചരിച്ചു താടിയെല്ല് മുന്നോട്ട് വലിച്ചു (Head Tilt - Chin Lift) ശ്വാസകോശ മാർഗം (Airway) തുറക്കുക. വായിൽ അന്യപദാർത്ഥങ്ങൾ എന്തെങ്കിലും കാണുന്നുണ്ടെങ്കിൽ മാത്രം വിരലിട്ട് എടുക്കാൻ ശ്രമിക്കുക. മൂക്ക് രണ്ടു വിരൽ കൊണ്ട് അടച്ചു പിടിച്ച് രണ്ടു തവണ വായയിലൂടെ ശ്വാസം കൊടുക്കണം. വീണ്ടും നെഞ്ചിൽ മർദ്ദം നൽകുന്നത് തുടരേണ്ടതാണ്. ഈ പ്രക്രിയ ആശുപത്രിയിൽ എത്തുന്നത് വരെയോ വ്യക്തിക്ക് ബോധം വരുന്നത് വരെയോ തുടരേണ്ടതാണ്. തികച്ചും പരിചിതമല്ലാത്ത വ്യക്തിയാണെങ്കിലോ ശ്വാസം കൊടുക്കാൻ അറിയില്ലെങ്കിലോ വായിലൂടെ ശ്വാസം നൽകുന്നത് ഒഴിവാക്കി നെഞ്ചിൽ മർദ്ദം കൊടുക്കുന്നത് മാത്രം ചെയ്യാവുന്നതാണ്. (HANDS ONLY CPR)

കുട്ടികൾക്കാണ് കൊടുക്കുന്നതെങ്കിൽ നമുക്ക് ഒരു കൈ അല്ലെങ്കിൽ രണ്ടു കൈ ഉപയോഗിക്കാം. കുട്ടികളുടെ തല അധികം പുറകിലേക്കു ചരിക്കരുത്. ഒരു വയസ്സിൽ താഴെ ഉള്ള കുട്ടികൾ ആണെങ്കിൽ രണ്ടു വിരലുകൾ (ചൂണ്ടുവിരലും നടുവിരലും) ഉപയോഗിച്ചു വേണം സി.പി.ആർ നൽകുവാൻ.

## ഒരു വ്യക്തി കുഴഞ്ഞു വീണാൽ എന്ത് ചെയ്യണം?

കുഴഞ്ഞു വീണ വ്യക്തിയെ സമീപിക്കുന്നതിന് മുൻപ് നമ്മൾക്ക് എന്തെങ്കിലും തരത്തിൽ ഉള്ള അപകടം സംഭവിക്കാൻ സാധ്യത ഉണ്ടോ എന്ന് നോക്കുക. (ഉദാഹരണത്തിന് പൊട്ടികിടക്കുന്ന വൈദ്യുതി കമ്പി) രോഗിയുടെ അടുത്തേക്ക് പോകുന്നതിന് മുൻപ് അത് നീക്കം ചെയ്യുക. രോഗിയെ അപകട സ്ഥലത്തു നിന്ന് മാറ്റി സമതലത്തിൽ കിടത്തുക. (ആക്സിഡൻറ്/ വീഴ്ച എന്നിവ പറ്റിയ രോഗികളെ പരിശീലനം ലഭിച്ച വ്യക്തികൾ മാത്രമേ മാറ്റാവൂ)

ഇറുകികിടക്കുന്ന വസ്ത്രങ്ങൾ ആണ് ആ വ്യക്തി ധരിച്ചിട്ടുള്ളത് എങ്കിൽ അത് അയഞ്ഞ രീതിയിലേക്ക് ആക്കുക. രണ്ടു തോളിലും ശക്തമായി തട്ടി വിളിച്ചു രോഗി പ്രതികരിക്കുന്നുണ്ടോ എന്ന് നോക്കുക. ഇല്ലെങ്കിൽ ഉടനടി ആംബുലൻസ് വിളിക്കുക. രോഗിയുടെ വായയിൽ എന്തെങ്കിലും വസ്തു പോയിട്ടുണ്ടോ എന്ന് നോക്കുക. എടുത്ത് മാറ്റാൻ പറ്റുന്ന വസ്തു ആണെങ്കിൽ എടുത്തു മാറ്റുക. രോഗിയെ നിരപ്പായ കട്ടിയുള്ള പ്രതലത്തിൽ മുഖം മുകളിലേക്കു ആകത്തക്ക വിധത്തിൽ മലർത്തി കിടത്തുക. രോഗി ശ്വാസം എടുക്കുന്നുണ്ടോ എന്ന് നോക്കുക. അതോടൊപ്പം രോഗിക്ക് പൾസ് ഉണ്ടോ എന്നും പരിശോധിക്കുക (കരോട്ടിഡ് പൾസ്) ഇല്ലെങ്കിൽ ഉടനെ സി.പി.ആർ. കൊടുക്കാൻ തയ്യാർ ആവുക.

## രക്തസ്രാവം

- മുറിവിൽ ശക്തിയായി കൈകൾ കൊണ്ട് അമർത്തി പിടിക്കുക.
- ഒരു വൃത്തിയുള്ള തുണി ഉപയോഗിച്ച് കെട്ടുക. രക്തസ്രാവം നിന്നോ എന്ന് പരിശോധിക്കുവാൻ ഇടയ്ക്കിടെ കെട്ടഴിച്ച് നോക്കരുത്.
- മൂക്കിൽ നിന്ന് രക്തം വരികയാണെങ്കിൽ രണ്ടു വിരലുകൾ ഉപയോഗിച്ച് മൂക്കിൻറെ മാർദ്ദവമായ ഭാഗത്തു അമർത്തി പിടിക്കുക. ശ്വാസം വായിലൂടെ എടുക്കാൻ ശ്രദ്ധിക്കുക.
- ചെവിയിൽ നിന്നാണെങ്കിൽ രോഗിയെ ചാരി ഇരുത്തി വൃത്തിയുള്ള തുണിയോ പഞ്ഞിയോ ചെവിയുടെ മുകളിലായി വെക്കുക. ഒരു കാരണവശാലും ചെവിയുടെ ഉള്ളിൽ ഇത് തിരുകി കയറ്റുവാൻ ശ്രമിക്കരുത്.
- കണ്ണിൽ നിന്നാണെങ്കിൽ രോഗിയെ മലർത്തി കിടത്തി തല ഉയർത്തി രണ്ടു കണ്ണും വൃത്തിയുള്ള തുണി ഉപയോഗിച്ച് മൂടുക. കണ്ണടച്ച് കിടക്കാൻ നിർദേശിക്കുക, അന്യവസ്തുക്കൾ തറച്ചിട്ടുണ്ടെങ്കിൽ അതെടുക്കാൻ ശ്രമിക്കാതിരിക്കുക. കണ്ണ് അനക്കാതെ വെക്കാൻ പറയുക.
- വായയിൽ നിന്നുള്ള രക്തസ്രാവം ആണെങ്കിൽ തല ചെരിച്ച് ഇരുത്തുകയോ കിടത്തുകയോ ചെയ്യുക. രക്തം തുപ്പി കളയാൻ പറയുക. വായ കഴുകാതിരിക്കുക, ചൂടുള്ള വെള്ളമോ ആഹാരങ്ങളോ കൊടുക്കാതിരിക്കുക. പെട്ടെന്നു തന്നെ അടുത്തുള്ള ആശുപത്രിയിൽ കൊണ്ട് പോകുക.

## വൈദ്യുതാഘാതം

- ഷോക്ക് ഏറ്റയാളെ രക്ഷിക്കാൻ ആദ്യമായി വൈദ്യുത ബന്ധം വേർപ്പെടുത്തുകയാണ് വേണ്ടത്. മെയിൻ സ്വിച്ച് അധികം ദൂരെ ആണെങ്കിൽ വൈദ്യുതി പ്രവഹിക്കാത്ത എന്തെങ്കിലും (ഉദാ – ഉണങ്ങിയ മുള) ഉപയോഗിച്ച് ഷോക്കടിച്ച ആളെ വൈദ്യുത പ്രവാഹത്തിൽ നിന്ന് തട്ടി മാറ്റുക. യാതൊരു കാരണവശാലും നേരിട്ടു ഷോക്കടിച്ച ആളെ പിടിക്കരുത്.
- ഷോക്കടിച്ച വ്യക്തിക്ക് ശ്വാസവും ഹൃദയമിടിപ്പും നിലച്ചാൽ കൃത്രിമ ശ്വാസം (സി.പി.ആർ) നൽകേണ്ടതാണ്. എത്രയും പെട്ടെന്ന് ആശുപത്രിയിലേക്കു കൊണ്ടു പോകേണ്ടതാണ്. ശരീരം തണുത്തിട്ടുണ്ടെങ്കിൽ പുതപ്പോ മറ്റു തുണിയോ ഉപയോഗിച്ച് ശരീരത്തിൻറെ ചൂട് നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം.
- വൈദ്യുതാഘാതമേറ്റ ശേഷമുള്ള ആദ്യത്തെ പത്തു മിനിറ്റ് വളരെ നിർണായകമാണ്. അതുകൊണ്ട് ഷോക്ക് ഏറ്റ ആളെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുക.
- പൊള്ളൽ ഏറ്റിട്ടുണ്ടെങ്കിൽ അതിനുള്ള പ്രഥമ ശുശ്രൂഷ നൽകുക

## വിഷ ബാധ

വിഷപദാർത്ഥങ്ങൾ ഉള്ളിൽ ചെന്നാൽ ഏതു ഇനം വിഷമാണെന്ന് മനസിലാക്കാൻ ചുറ്റുപാടുകളിൽ നിന്ന് ലഭ്യമാകുന്ന വസ്തുക്കൾ (ഉദാ:വിഷ ഗുളികകൾ) ശേഖരിച്ചു ആശുപത്രിയിലേയ്ക്ക് പോകുമ്പോൾ കൈയിൽ കരുതുക (അധിക സമയം അതിനായി പാഴാക്കരുത്). രോഗിയുടെ ശ്വാസവും ഹൃദയമിടിപ്പും നിലച്ചാൽ ശ്വസന പുനരുജ്ജീവന പ്രക്രിയ (C.P.R) നൽകേണ്ടതാണ്. കൃത്രിമ ശ്വാസം നല്കുമ്പോളും രോഗിയെ കൈകാര്യം ചെയുമ്പോളും പ്രത്യേക മുൻകരുതലുകൾ സ്വീകരിക്കണം.

## ഭക്ഷ്യ വിഷബാധ

- വിശ്രമിക്കാൻ അനുവദിക്കുക
- പാനീയങ്ങൾ കൊടുക്കുക
- ആശുപത്രിയിൽ എത്തിക്കുക

## തേനീച്ച /കടന്നൽ / പ്രാണികൾ കുത്തിയാൽ

ശ്രദ്ധാപൂർവം മുള്ള് (കൊമ്പ്) എടുത്തു മാറ്റുക. അതിനായി ഒരിക്കലും വിരലുകളാൽ അമിത മർദ്ദം ഏല്പിക്കുകയോ, ഉപകരണങ്ങൾ കൊണ്ട് അമർത്തി എടുക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. വേദനയും നീർവീക്കവും മാറാനായി ഐസ് വൃത്തിയുള്ള തുണിയിൽ എടുത്തു കടിയേറ്റ / കുത്തിയ ഭാഗത്തു അമർത്തി പിടിക്കുക. ഉടനടി ആശുപത്രിയിൽ എത്തിക്കുക.

## പാമ്പു കടിയേറ്റാൽ

- രോഗിയെ സമാധാനിപ്പിക്കുക. പരിഭ്രാന്തരായാൽ രക്തചംക്രമണം കൂടുകയും അത് വിഷം ശരീരത്തിൽ എളുപ്പത്തിൽ വ്യാപിക്കാൻ ഇടയാക്കുകയും ചെയ്യും. രോഗിയെ നടക്കുവാൻ അനുവദിക്കരുത്. കടിയേറ്റ ഭാഗം ഹൃദയ ഭാഗത്ത് നിന്ന് താഴ്ത്തി വെക്കുക.
- പരമ്പരാഗത രീതിയിൽ മുറിവേറ്റ ഭാഗത്തിൻറെ മുകളിൾ ശക്തിയായി കെട്ടുന്നത് ഒഴിവാക്കുക.
- കടിച്ച പാമ്പു ഏതാണെന്നു അറിഞ്ഞാൽ നല്ലതാണെങ്കിലും ഒരിക്കലും അതിനായി സമയം പാഴാക്കരുത്.
- ഉടനടി ആശുപത്രിയിൽ എത്തിക്കുക.

## ഒടിവും ചതവും

- ചെറിയ പൊട്ടലുകളാണെങ്കിൽ പൊട്ടിയ ഭാഗത്ത് കൂടുതൽ അനക്കം തട്ടാതിരിക്കാൻ ഇരുവശത്തും സ്കെയിലോ വടിയോ വെച്ച് കെട്ടുക.
- എല്ലുപുറത്തേയ്ക്ക് തള്ളി നില്പുണ്ടെങ്കിൽ അനക്കം തട്ടാതെ ഉടൻ ആശുപത്രിയിൽ എത്തിക്കുക.
- ചതവുണ്ടായാൽ വെള്ളം കൊണ്ട് കഴുകി ഐസ് പാക്ക് വെക്കാം.
- ഒടിഞ്ഞ കൈ ടവ്വലോ തോർത്തോ ഷാളോ ഉപയോഗിച്ച് ത്രികോണ കെട്ട് കെട്ടി അനക്കാതെ വെക്കാവുന്നതാണ്

## മുറിവ് ഉണ്ടായാൽ

- ചെറിയ മുറിവുകൾ വെള്ളത്തിൽ മുക്കിയ പഞ്ഞി കൊണ്ട് വൃത്തിയാക്കി മുറിവ് ഉണക്കാനുള്ള ഓയിൻമെൻറ്റുകൾ പുരട്ടാവുന്നതാണ്.
- മുറിവിൽ നിന്നും രക്തം വരുന്നുണ്ടെങ്കിൽ മുറിവേറ്റ ഭാഗത്തിന് മുകളിലായി മൂന്ന്മിനിറ്റ് അമർത്തി പിടിക്കാം. രക്തസ്രാവമുണ്ടെങ്കിൽ ആശുപത്രിയിൽ എത്തിക്കണം.

## പൊള്ളൽ

- പൊള്ളലേറ്റ ഭാഗം സാധാരണ ജലത്തിൽ കഴുകുക (ഐസ്, പേസ്റ്റ് എന്നിവ ഉപയോഗിക്കരുത്)
- പൊള്ളലേറ്റ ഭാഗത്ത് പറ്റിപ്പിടിച്ചിരിക്കുന്ന വസ്ത്രം ബലമായി വലിച്ചെടുക്കുന്നത് ഒഴിവാക്കുക.
- പൊള്ളലേറ്റ ആൾക്ക് ബോധം ഉണ്ടെങ്കിൽ ധാരാളം വെള്ളം കൊടുക്കുക.
- പൊള്ളലേറ്റ ഭാഗത്തെ കുമിളകൾ പൊട്ടിക്കരുത്.
- പൊള്ളലേറ്റ കയ്യിലുള്ള ആഭരണങ്ങൾ, വാച്ച് മുതലായവ വേഗം തന്നെ അഴിച്ച് വെക്കേണ്ടതാണ്.
- എത്രയും പെട്ടെന്ന് അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക.

## വെള്ളത്തിൽ മുങ്ങിയുണ്ടാവുന്ന അപകടം

- വ്യക്തിയെ പുറത്ത് എടുത്തതിനു ശേഷം നിരപ്പായ കട്ടിയുള്ള പ്രതലത്തിൽ മുഖം മുകളിലേക്ക് ആകത്തക്ക വിധത്തിൽ മലർത്തി കിടത്തുക.
- ഹൃദയമിടിപ്പും ശ്വാസവും ഇല്ലെങ്കിൽ ഉടനെ കൂടുതൽ സമയം കളയാതെ നെഞ്ചിൽ മർദ്ദം കൊടുത്തു കൊണ്ട് (Compression) സി.പി.ആർ കൊടുക്കുക.

- പ്രതികരണവും ശ്വാസവും ഉണ്ടെങ്കിൽ ചരിച്ചു കിടത്തുക.
- തണുപ്പകറ്റാൻ ഉണങ്ങിയ വസ്ത്രങ്ങൾ, കമ്പിളി എന്നിവ ഉപയോഗിക്കുക.
- വയറിൽ അമർത്തി വെള്ളം പുറത്തോട്ട് കളയാൻ നോക്കരുത്. അത് വെള്ളം ശ്വാസകോശത്തിലേക്ക് പോകാൻ കാരണമാവും.
- വായിൽ അന്യപദാർത്ഥങ്ങൾ എന്തെങ്കിലും കാണുന്നുണ്ടെങ്കിൽ മാത്രം വിരലിട്ട് എടുക്കാൻ ശ്രമിക്കുക.
- എത്രയും പെട്ടെന്ന് അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക.

## ഉപസംഹാരം

ഓരോ പ്രദേശത്തും ഉണ്ടാകാൻ സാധ്യത ഉള്ള ദുരന്തങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് അതാതു സംഘങ്ങൾ, അവരവർക്ക് ലഭിക്കുന്ന നിർദേശങ്ങൾക്ക് അനുസരിച്ചു ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ചേർന്ന് പ്രവർത്തിക്കുന്നതിലൂടെ ദുരന്തത്തിന്റെ ആഘാതം കുറക്കുന്നതിനും ആളുകളെ സംരക്ഷിക്കുന്നതിനും ഈ കൈപ്പുസ്തകം എല്ലാവരെയും സഹായിക്കും. കൂടാതെ ഓരോ ടീമിലും ഉള്ളവർ മറ്റ് ടീമിലുള്ളവരുമായി ചേർന്ന് സാഹചര്യത്തിനനുസരിച്ചു പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ടീമുകൾ തമ്മിലുള്ള ഏകോപനം ഉറപ്പു വരുത്തുന്നത് വഴി ദുരന്തങ്ങളിൽ അകപ്പെട്ടിട്ടുള്ളവർക്ക് ആവശ്യമായ സേവനം ലഭ്യമാക്കാൻ സാധിക്കും.

## തയ്യാറാക്കിയവർ

ഡോ. ശേഖർ എൽ. കുര്യാക്കോസ്

ശ്രീ. ജോ ജോൺ ജോർജ്

ശ്രീ. ടിനോജ് ജോൺ

ശ്രീമതി. ഇന്ദു വി

ശ്രീമതി. ലക്ഷ്മി വി

ഡോ. അശ്വതി എസ്. നായർ

ശ്രീ. ഫഹദ് മർസൂഖ്

ഡോ. ശ്രീജ എം.യു

ശ്രീ. ശ്രീറാം എ.

ശ്രീമതി. ഗൗരി എൻ. ഘോഷ്

ശ്രീമതി. ശ്രീനിധി രാമചന്ദ്രൻ

ശ്രീ. മുഹമ്മദ് ഷാലിക് എൻ

ശ്രീ. അനി തോമസ് ഇടിക്കുള

ശ്രീ. അഷ്ഹർ ജബ്ബാർ

ശ്രീമതി. ഐശ്വര്യ എസ്

ശ്രീമതി. നൗഷാബ നാസ്

ശ്രീമതി. ആശ വി കെ മേനോൻ

ശ്രീമതി. സ്റ്റെഫി രാജൻ

ശ്രീ. ദേവാനന്ദ് എം ഡി

ശ്രീ. ബേസിൽ പി വി

ശ്രീ. അശ്വിൻ മദനശേഖർ

ശ്രീ. അഹമ്മദ് ഷഫീഖ് പി

ഡോ. അജിൽ അബ്ദുള്ള

ശ്രീ. സുരേഷ് ബാബു

# നിങ്ങളുടെ എമർജൻസി കിറ്റ് തയ്യാറാണോ?




**പൊതുജന താൽപര്യാർത്ഥം :**

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**

ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033

Tel :0471- 2331345, 2331645 Fax : 0471- 2364424, Toll free - 1079

Website : www.sdma.kerala.gov.in, Email : keralasdma@gmail.com